## സി പി ഐ (എംഎൽ) റെഡ് സ്റ്റാർ പന്ത്രണ്ടാം പാർട്ടി കോൺഗ്രസ്സ് അംഗീകരിച്ച

# പാർട്ടി പരിപാടി

## അധ്യായം 1

## ആമുഖം

1.1 കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്-ലെനിനിസ്റ്റ്) റെഡ് സ്റ്റാർ രാജ്യത്തെ തൊഴിലാളി വർഗ്ഗത്തിന്റെ മുന്നണിപ്പടയാണ്. മാർക്സിസം-ലെനിനിസം-മാവോ സെതുങ് ചിന്തയെ അതിന്റെ പ്രത്യയശാസ്ത്രമായും ഇന്ത്യയിലെ സമൂർത്ത സാഹചര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള മാർഗ്ഗദർശിയായും ഉയർത്തിപ്പിടിക്കുന്നു. തൊഴിലാളി വർഗ്ഗ സാർവ്വദേശീയത ഉയർത്തിപ്പിടിച്ചുകൊണ്ടും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനകത്തെ തിരുത്തൽവാദ, ഇടത് സാഹസിക പ്രവണതകൾക്കെതിരെ പോരാടിക്കൊണ്ടും കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളെ ഐക്യപ്പെടുത്തി കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കാനുള്ള പ്രയത്നത്തിലാണ് സിപിഐ (എംഎൽ) റെഡ് സ്റ്റാർ. സാമ്രാജ്യത്വത്തിന്റേയും അതുമായി സഖ്യത്തിലേർപ്പെട്ടിട്ടുള്ള ഇന്ത്യൻ ഭരണവർഗ്ഗങ്ങളുടേയും പിടിയിൽ നിന്ന് മോചനം നേടുന്നതിനുള്ള സമരത്തിൽ ഇന്ത്യയിലെ തൊഴിലാളി വർഗ്ഗത്തേയും കർഷകരേയും മർദ്ദിത ജനവിഭാഗങ്ങളേയും നയിക്കുന്നതിൽ പാർട്ടി സ്വയം സമർപ്പിക്കപ്പെട്ടിരിക്കുന്നു. ചൂഷണവും അടിച്ചമർത്തലുമില്ലാത്ത ഒരു സമൂഹം സ്ഥാപിക്കുന്നതിനായി ജനകീയ ജനാധിപത്യ വിപ്ലവം പൂർത്തീകരിക്കുന്നതിനും സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് മുന്നേറുന്നതിനും പാർട്ടി പ്രതിജ്ഞാബദ്ധമായിരിക്കുന്നു.

1.2 കൊളോണിയൽ, യുദ്ധാനന്തര പുത്തൻ കൊളോണിയൽ കാലഘട്ടങ്ങളിൽ തൊഴിലാളികളുടെയും കർഷകരുടെയും മർദ്ദിതരും അധ്വാനിക്കുന്നവരുമായ ജനവിഭാഗങ്ങളുടെയും എണ്ണമറ്റ സമരങ്ങൾക്ക് നേതൃത്വം നൽകിയ ഒരു നൂറ്റാണ്ട് നീണ്ട മഹത്തായ ചരിത്രമാണ് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുള്ളത് . എന്നിരുന്നാലും, ഒറ്റപ്പെട്ട ചില സന്ദർഭങ്ങളിലൊഴിച്ച്, ഈ ജനകീയസമരങ്ങളിൽ തങ്ങളുടെ നേതൃത്വം സ്ഥാപിക്കുന്നതിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പൊതുവെ പരാജയപ്പെട്ടു. കൊളോണിയൽ കാലത്ത്, സമ്പൂർണ്ണ സ്വാതന്ത്ര്യം എന്ന മുദ്രാവാക്യം മുന്നോട്ട് വയ്ക്കാൻ പാർട്ടി മുൻകൈ എടുത്തെങ്കിലും, 1920-കളുടെ തുടക്കം മുതൽ, തന്ത്രപരവും അടവുപരവുമായ നിരവധി പിഴവുകൾ കാരണം സാമ്രാജ്യത്വ വിരുദ്ധ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലേക്ക് വരാൻ അതിനു കഴിഞ്ഞില്ല. കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ ആവശ്യപ്പെട്ടതുപോലെ, ദേശീയ വിമോചന പ്രസ്ഥാനത്തിൽ തൊഴിലാളിവർഗത്തിന്റെ നേതൃത്വം സ്ഥാപിക്കുന്നതിൽ പരാജയപ്പെടാനുള്ള ഏറ്റവും പ്രധാനമായ കാരണം ഇന്ത്യൻ സമൂഹത്തെ വിലയിരുത്തുന്നതിൽ

അതെടുത്ത യാന്ത്രിക സമീപനമായിരുന്നു. കൂടുതൽ വ്യക്തമായി പറഞ്ഞാൽ, ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ വർഗ്ഗ രൂപവൽകരണത്തിൽ, മനുഷ്യത്വ വിരുദ്ധമായ ജാതി വ്യവസ്ഥയുടെ ചരിത്രപരമായി നിർണ്ണയിക്കപ്പെട്ട അവിഭാജ്യ ബന്ധം തിരിച്ചറിയുന്നതിൽ അത് പരാചയപ്പെട്ടു. അതുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ജാതി ഉന്മൂലന സമരവും വർഗ്ഗസമരവും പരസ്പര ബന്ധിതമായ പ്രക്രിയകളായി മുന്നോട്ട് കൊണ്ടുപോകാനായില്ല.

1.3 നിരവധി ഉൾപ്പാർട്ടി സമരങ്ങളെത്തുടർന്ന്, ജനകീയ ജനാധിപത്യ വിപ്ലവം മുന്നോട്ട് കൊണ്ടുപോകുന്നതിനായി അതിന്റെ ആദ്യ പാർട്ടി പരിപാടിയും അടവുനയവും നയപ്രഖ്യാപനവും 1951-ൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സ്വീകരിക്കാനായെങ്കിലും, അപ്പോഴേക്കും പാർട്ടിയിൽ ആധിപത്യത്തിലേയ്ക്ക് വന്നു തുടങ്ങിയ വലതുപക്ഷ ലൈനിനെ തുടർന്ന് പാർട്ടി അതിൽ നിന്നും വ്യതിചലിച്ചു .1956-ലെ സിപിഎസ് യു വിന്റെ ഇരുപതാം കോൺഗ്രസിന്റെ സമയമായപ്പോഴേക്കും സോവിയറ്റ് നേതൃത്വത്തിന്റെ തിരുത്തൽവാദത്തിലേക്കുള്ള അധഃപതനവും സിപിഐ നേതൃത്വത്തിന്മേലുള്ള അതിന്റെ സ്വാധീനവും ഈ വ്യതിയാനം രൂക്ഷമാക്കി . ഈ സാഹചര്യത്തിൽ, ഉൾപാർട്ടി പോരാട്ടം ശക്തമാകുകയും 1964-ലെ സിപിഐയുടെ പിളർപ്പിലേക്കും സിപിഐ (എം) ന്റെ രൂപീകരണത്തിലേക്കും നയിച്ചു. പക്ഷേ പിന്നീട്, തിരുത്തൽവാദ നിലപാടുകളിൽ നിന്ന് വിടുതൽ നേടാനാകാത്തത്കൊണ്ടും ദേശീയ, സാർവ്വദേശീയ പ്രശ്നങ്ങളിലെടുത്ത യാന്ത്രിക സമീപനങ്ങൾ മൂലവും, 1967 തുടക്കത്തിൽ തങ്ങൾ നേതൃത്വപരമായ പങ്ക് വഹിച്ച, പശ്ചിമ ബംഗാളിലും കേരളത്തിലും രൂപീകൃതമായ 1967 ലെ സർക്കാറുകളുടെ നയങ്ങളിൽ പ്രകടമായത് പോലെ, സിപിഐ (എം) ഉം ഭരണവർഗ്ഗ നയങ്ങൾ പിന്തുടരാൻ തുടങ്ങി.

1.4 സിപിഐ (എം) ന്റെ പുത്തൻ തിരുത്തൽ വാദത്തിനെതിരായ ശക്തമായ പ്രത്യയശാസ്ത്ര സമരത്തെ തുടർന്ന്, 'കൃഷിഭൂമി മണ്ണിൽ പണിയെടുക്കുന്നവർക്ക്' എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂണിസ്റ്റ് വിപ്ലവകാരികൾ കാർഷിക വിപ്ലവ മുന്നേറ്റത്തിന്നായുള്ള സമരമാരംഭിക്കുന്നതിലേക്കും 1967 മെയ് മാസത്തിൽ നക്സൽബാരി ഉയിർത്തെഴുന്നേൽപ്പിലേക്ക് അത് വികസിക്കുന്നതിലേക്കുമെത്തിയ സാഹചര്യം ഇതായിരുന്നു. കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളുടെ അഖിലേന്ത്യാ ഏകോപന സമിതിയുടെ (AICCCR) രൂപീകരണത്തിലേക്കും തുടർന്ന് 1968 ഏപ്രിലിൽ മാർക്സിസം-ലെനിനിസം-മാവോസെതുങ്ങ് ചിന്ത മാർഗ്ഗദർശനമാക്കിക്കൊണ്ടുള്ള സിപിഐ (എംഎൽ) ന്റെ രൂപീകരണത്തിലേക്കും അത് നയിച്ചു. എന്നാൽ, അക്കാലത്ത് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കകത്ത് ആധിപത്യം നേടിയിരുന്ന ഇടത് സാഹസിക-വിഭാഗീയ നിലപാടുകളുടെ സ്വാധീനം മൂലം സാമ്രാജ്യത്വത്തിൻ കീഴിലുള്ള യുദ്ധാനന്തര നവകൊളോണിയൽ പരിവർത്തനത്തേയും ഇന്ത്യയിലെ സമൂർത്ത സാഹചര്യത്തേയും വസ്തുനിഷ്ഠമായി വിശകലനം ചെയ്യുന്നതയിൽ 1970 ലെ പാർട്ടി കോൺഗ്രസ്സ് അംഗീകരിച്ച സിപിഐ (എംഎൽ) പരിപാടി പരാജയപ്പെട്ടു. വിപ്ലവപൂർവ്വ ചൈനയുമായി ഇന്ത്യൻ സാഹചര്യത്തെ തെറ്റായി തുലനം ചെയ്യുന്നതിനും 'അർദ്ധ ഫ്യൂഡൽ - അർദ്ധ കൊളോണിയൽ', 'ദീർഘകാല ജനകീയ യുദ്ധ പാത' തുടങ്ങിയവ വരട്ട് വാദപരമായി ഉയർത്തിപ്പിടിക്കുന്നതിനും ഇത് കാരണമായി. നിരവധി

ജീവത്യാഗങ്ങൾക്കിടയായിട്ടും, സാർവ്വദേശീയവും ദേശീയവുമായ സാഹചര്യങ്ങളെക്കുറിച്ചുള്ള തെറ്റായ ധാരണയും ഇടതുപക്ഷ സാഹസികതയുടെ സ്വാധീനവും ഭരണകൂട അടിച്ചമർത്തലിന്റെ തീവ്രതയും കാരണം, പ്രസ്ഥാനത്തിന് പുത്തൻ/ജനകീയ ജനാധിപത്യ വിപ്ലവപാതയിലൂടെ മുന്നേറാനാകാതിരിക്കുകയും 1971 ആയപ്പോഴേക്കും സിപിഐ (എംഎൽ) പല ഗ്രൂപ്പുകളായി ശിഥിലമാകാൻ തുടങ്ങുകയും ചെയ്തു.

1.5 ഈ തിരിച്ചടികളെ തുടർന്ന്, ഏഇടത് സാഹസിക ലൈനിനെ തള്ളിക്കളഞ്ഞും ബഹുജന ലൈനിനെ അംഗീകരിച്ചുകൊണ്ടുമുള്ള പരിപ്രേക്ഷ്യത്തോടെ പാർട്ടിയെ പുന:സംഘടിപ്പിക്കുവാനുള്ള നിരവധി ശ്രമങ്ങൾ നടന്നു. പ്രത്യേകിച്ച് 1977 ൽ അടിയന്തരാവസ്ഥ പിൻവലിച്ചതിന് ശേഷം, മാവോയുടെ മരണത്തെ തുടർന്ന് ചൈനയടക്കം മുതലാളിത്ത പാതയിലേക്ക് അധഃപതിക്കുകയും, സാർവ്വദേശീയ, ദേശീയ സാഹചര്യങ്ങൾ അതിവേഗം മാറിക്കൊണ്ടിരിക്കുകയും ചെയ്തിരുന്ന സമയത്ത്, കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളുടെ വിവിധ ധാരകൾ ഐക്യത്തിനായി നിരവധി ശ്രമങ്ങൾ നടത്തുകയുണ്ടായി. കമ്മ്യൂണിസ്റ്റ് വിപ്ലവകാരികൾക്കിടയിൽ പ്രത്യയശാസ്ത്ര-രാഷ്ട്രീയ സമരങ്ങൾ നടക്കുന്നതിനിടയിലാണ്, 1979-ൽ കേന്ദ്ര പുനഃസംഘടനാ കമ്മറ്റി (സിആർസി) രൂപീകൃതമാകുന്നത്. ഇന്ത്യയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ദ്രുദഗതിയിലുള്ള നവകൊളോണിയൽ പരിവർത്തനം, പ്രത്യേകിച്ച് ഹരിതവിപ്ലവത്തിന്റെ മറവിൽ ശക്തമായ മുതലാളിത്ത കടന്നുകയറ്റം മൂലം കാർഷികമേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വലിയ മാറ്റങ്ങൾ തിരിച്ചറിഞ്ഞ്, 1982ലെ അതിന്റെ  ആദ്യ അഖിലേന്ത്യാ സമ്മേളനത്തിൽ അതിനെ പറ്റി ഒരു സമൂർത്തമായ പഠനം നടത്താൻ തീരുമാനിച്ചു .1985ലെ പ്ലീനത്തിൽ അവതരിപ്പിച്ച ഈ പഠനം പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവും സംഘടനാപരവുമായ ഭിന്നതകൾക്കും 1987 -ൽ സിപിഐ (എംഎൽ) റെഡ് ഫ്ലാഗിന്റെ രൂപീകരണത്തിനും കാരണമായി. തുടർന്നുള്ള ദശകത്തിൽ, കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളുടെ സാർവ്വദേശീയ ഐക്യം, ജാതി, പാരിസ്ഥിതിക പ്രശ്നങ്ങൾ, വർഗ്ഗ-ബഹുജന സംഘടനകൾ കെട്ടിപ്പടുക്കൽ വർഗസമരത്തിന്റെ ഭാഗമായി പാർലമെന്ററി സമരം ഉൾപ്പെടെ എല്ലാത്തരം സമരരീതികളും പ്രയോജനപ്പെടുത്തൽ എന്നിവയിൽ നേടിയ കൂടുതൽ പ്രത്യയശാസ്ത്ര വ്യക്തത സംഘടനയുടെ വിപുലീകരണത്തിനും 1990-ഓടെ കർണ്ണാടകയിലെ ദളിത് സംഘർഷ സമിതിയുടെ ഒരു വിഭാഗവുമായി ലയിക്കുന്നതിനും ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള നിരവധി ഗ്രൂപ്പുകളുമായും വ്യക്തികളുമായും ലയിക്കുന്നതിലേയ്ക്കും നയിച്ചു. ഇക്കാലയളവിൽ എല്ലാ പ്രമുഖ കമ്മ്യൂണിസ്റ്റ് വിപ്ലവ സംഘടനകളുമായും ഐക്യത്തിനായി ആവർത്തിച്ച് ചർച്ചകൾ നടത്തിയെങ്കിലും, അവർക്കിടയിൽ ഒരുതരം പ്രത്യയശാസ്ത്ര സ്തംഭനാവസ്ഥ ഉടലെടുത്തതിനാൽ, ഒരു മുന്നേറ്റവും കൈവരിക്കാനായില്ല. ഈ സാഹചര്യത്തിലാണ്, സിപിഐ (എംഎൽ) (കനു സന്യാൽ) വിഭാഗവുമായി നടത്തിയ നിരവധി ചർച്ചകളുടെ തുടർച്ചയായിപാർട്ടി പരിപാടിയുടേയും വിപ്ലവത്തിന്റെ പാതയുടെയും വിഷയത്തിൽ വലിയ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നിട്ടും, യോജിച്ചു പ്രവർത്തിക്കാൻ 2003 ലെ ആറാം അഖിലേന്ത്യാ സമ്മേളനം തീരുമാനിച്ചത്. തുടർന്ന്, 2005 ലെ ഐക്യ സമ്മേളനത്തിൽ അംഗീകരിച്ച ഐക്യ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ലയനം നടന്നു.  സമയബന്ധിതമായി നടക്കുന്ന മറ്റൊരു യൂണിറ്റി

കോൺഫറൻസിലൂടെ അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കാൻ അത് തീരുമാനിച്ചു. എന്നാൽ, അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കുന്നതിലും പരസ്പര സമ്മതത്തോടെ ഐക്യ സമ്മേളനം നടത്തുന്നതിലും ഒരു പുരോഗതിയും ഉണ്ടാകാത്തതിനാൽ, ഈ പരീക്ഷണം പരാജയപ്പെടുകയും 2009 ജനുവരിയിൽ അവസാനിക്കുകയും ചെയ്തു.

1.6 ഈ സാഹചര്യത്തിൽ അഖിലേന്ത്യാ സ്പെഷ്യൽ കോൺഫ്രൻസ് 2009 നവംബറിൽ നടന്നു. *'സാർവ്വദേശീയ സാഹചര്യവും നമ്മുടെ കടമകളും', 'ഇന്ത്യൻ ഭരണകൂടത്തിന്റെ സ്വഭാവം', 'പ്രധാന വൈരുദ്ധ്യം', 'വിപ്ലവത്തിന്റെ പാത'* എന്നീ നാല് രേഖകൾ സമ്മേളനം അംഗീകരിച്ചു. സാർവ്വദേശീയവും ദേശീയവുമായ സംഭവവികാസങ്ങളുടെ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ, ഈ രേഖകൾ ഇന്ത്യൻ ഭരണകൂടത്തെ പുത്തൻകൊളോണിയൽ ആയി വിലയിരുത്തുകയും ഇന്ത്യയുടെ പുത്തൻ/ജനകീയ ജനാധിപത്യ വിപ്ലവ പാത അംഗീകരിക്കുകയും ചെയ്തു. പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവും സംഘടനാപരവുമായ ലൈൻ കൂടുതൽ വികസിക്കുന്നതിനു ഇത് കാരണമായി. 2009 ലെ കോൺഫറൻസിൽ ബംഗാളിൽ നിന്നുള്ള സിസിആർ (എം എൽ) ന്റെ ഒരു പ്രതിനിധി സംഘം നിരീക്ഷകരായി പങ്കെടുക്കുകയും അവരുമായി ഐക്യ ചർച്ചകൾ ഉടൻ ആരംഭിക്കുകയും ചെയ്തു.

1.7. 2011-ൽ ചേർന്ന പാർട്ടിയുടെ ഒമ്പതാം കോൺഗ്രസ്, 1970 ലെ സിപിഐ (എംഎൽ) പാർട്ടി പരിപാടിയിൽ നിന്ന് അടിസ്ഥാനപരമായി മാറ്റം വരുത്തിയ, ഒരു പാർട്ടി പരിപാടി അംഗീകരിച്ചു, പാർട്ടിയെ സിപിഐ (എംഎൽ) റെഡ് സ്റ്റാർ ആയി സ്വയം സ്വാംശീകരിച്ചുറപ്പിക്കുവാൻ അത് പ്രാപ്തമാക്കി. മൂലധനവും പ്രകൃതിയും തമ്മിലുള്ള വൈരുദ്ധ്യത്തെ സാർവ്വദേശീയ തലത്തിലും ദേശീയ തലത്തിലും അഞ്ചാമത്തെ പ്രധാന വൈരുദ്ധ്യമായി അംഗീകരിക്കൽ, വർഗസമരവും ജാതി വ്യവസ്ഥയ്ക്കെതിരായ പോരാട്ടവും തമ്മിലുള്ള അവിഭാജ്യ ബന്ധത്തെക്കുറിച്ചുള്ള ധാരണയെ അടിസ്ഥാനമാക്കിയുള്ള ജാതി ഉന്മൂലന പ്രസ്ഥാനത്തിന്റെ രൂപീകരണം, പുത്തൻ കൊളോണിയലിസത്തെ സംബന്ധിച്ച സൈദ്ധാന്തിക ധാരണയുടെ വികാസം എന്നിവ 2011-ലെ പാർട്ടി പരിപാടിയിലെ മുന്നേറ്റങ്ങളായിരുന്നു. പാർട്ടിയുടെ സംഘടനാപരമായ വികാസം തുടരുകയും പശ്ചിമബംഗാളിലെ സിപിഐ (എംഎൽ) ന്യൂ ഡെമോക്രസിയുടെ ഭാഗമായിരുന്ന, സിപിഐ (എംഎൽ) റെഡ് ഫ്ലാഗ് വിഭാഗവുമായും നക്സൽബാരി മുന്നേറ്റത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട് സിപിഐ (എം) ന്റെ പുത്തൻ തിരുത്തൽവാദത്തിനെതിരെ നിരന്തരം സമരത്തിലേർപ്പെട്ടിരുന്ന സഖാവ് കൊല്ല വെങ്കയ്യയുടെ നേതൃത്വത്തിലുണ്ടായിരുന്ന ആന്ധ്രയിലെ എംഎൽസി വിഭാഗവുമായും ഐക്യപ്പെടുന്നതിലേക്ക് വഴിതെളിയിക്കുകയും ചെയ്തു. സിപിഐ (എംഎൽ) മഹാരാഷ്ട്ര പോലുള്ള വിവിധ ധാരകളിൽ നിന്നുള്ള വിഭാഗങ്ങളും നിരവധി സഖാക്കളും ഈ പ്രക്രിയയിൽ പങ്ക് ചേർന്നു. വർദ്ധമാനമായിക്കൊണ്ടിരുന്ന കോർപ്പറേറ്റ് വൽക്കരണത്തിന്റേയും നവഫാസിസത്തിന്റെ ആവിർഭാവത്തിന്റേയും പാശ്ചാത്തലത്തിൽ നടന്ന സിപിഐ (എംഎൽ) റെഡ് സ്റ്റാറിന്റെ പത്താമത്തേയും പതിനൊന്നാമത്തേയും പാർട്ടി കോൺഗ്രസ്സുകൾ പാർട്ടിയുടെ പ്രത്യയശാസ്ത്ര-രാഷ്ട്രീയ ദിശാബോധത്തിന് കൂടുതൽ വ്യക്തത നൽകി.

# അദ്ധ്യായം 2
# സാർവ്വദേശീയ സാഹചര്യം

2.1 സോഷ്യലിസ്റ്റ് മുന്നേറ്റങ്ങളുടേയും കൊളോണിയൽ ആധിപത്യത്തിനെതിരായി ലോകവ്യാപകമായി ഉയർന്നുവന്ന ജനകീയ പ്രതിരോധങ്ങളുടേയും ദേശീയ വിമോചന പ്രസ്ഥാനങ്ങളുടേയും ശാക്തീകരണത്തിന്റെ പാശ്ചാത്തലത്തിൽ, അതുവരെ സാമ്രാജ്യത്വം പിന്തുടർന്ന കൊളോണിയൽ കൊള്ളയുടെ രീതികൾ തുടർന്നുകൊണ്ടുപോകാനാകില്ലെന്ന് രണ്ടാം ലോകയുദ്ധം അവസാനിക്കുന്നതിനു മുൻപേ തന്നെ സാമ്രാജ്യത്വ ശക്തികൾ മനസ്സിലാക്കിയിരുന്നു. ഇത്, കൊളോണിയൽ ചൂഷണ സമ്പ്രദായത്തിനു പകരം യുദ്ധാനന്തര നവകൊളോണിയൽ ചൂഷണരൂപങ്ങൾ  അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ നേതൃത്വത്തിൽ ആവിഷ്കരിക്കുന്നതിനിടയാക്കി. പുത്തൻ കൊളോണിയൽ ചൂഷണത്തിന്റേയും ആധിപത്യത്തിന്റേയും രൂപങ്ങൾ കൊളോണിയലിസത്തിന്റേതിൽ നിന്നു ഗുണപരമായി വ്യത്യസ്തമാണ്.  മുൻകാല കൊളോണിയൽ, അർദ്ധ കൊളോണിയൽ, ആശ്രിത രാജ്യങ്ങളുടെ ഭൂപ്രദേശങ്ങൾക്ക് മേലുള്ള നേരിട്ടുള്ള ആധിപത്യത്തിന് പകരം ധനമൂലധനത്തിന്റെ ആധിപത്യത്തിനും അഭംഗുരമായ അതിന്റെ ആഗോള വ്യാപനത്തിനും ആവശ്യമായ രാഷ്ട്രീയ, സാമ്പത്തിക, സൈനിക, സാംസ്കാരിക സംവിധാനങ്ങൾ നിലവിൽ വന്നു. ഐക്യരാഷ്ട്ര സഭ, ബ്രെട്ടൺ വുഡ്സ് സ്ഥാപനങ്ങൾ, ബഹുരാഷ്ട്രകമ്പനികൾ, ഫണ്ടിംഗ് ഏജൻസികൾ, നാറ്റോ പോലുള്ള സൈനിക സംവിധാനങ്ങൾ, നവകൊളോണിയൽ ലോകത്തെ പരമോന്നത മേധാവിയായ അമേരിക്കൻ സാമ്രാജ്യത്വം നിയന്ത്രിക്കുന്ന സൈനിക താവളങ്ങൾ എന്നിവ ആഗോള തലത്തിൽ സാമ്രാജ്യത്വ താൽപ്പര്യങ്ങൾ നിർബാധം ശക്തിപ്പെടുത്തുന്നത് ഉറപ്പാക്കി. കൊളോണിയല ഘട്ടത്തിൽ ഫ്യൂഡൽ-മുതലാളിത്ത പൂർവ്വ ബന്ധങ്ങൾ ഉപയോഗിച്ചിരുന്നതിൽ നിന്ന് വ്യത്യസ്തമായി, പുത്തൻ കൊളോണിയൽ ആശ്രിതത്വത്തിൻ കീഴിലുള്ള രാജ്യങ്ങളിൽ മുതലാളിത്ത ബന്ധങ്ങൾ മുകളിൽ നിന്ന് അടിച്ചേൽപ്പിച്ചു കൊണ്ടാണ് സാമ്രാജ്യത്വം അതിന്റെ മൂലധന വ്യാപനം പ്രധാനമായും സാധ്യമാക്കിയത്.

2.2 രണ്ടാം ലോക യുദ്ധം നടക്കുമ്പോൾ തന്നെ, 1940-കളുടെ തുടക്കം മുതൽ അമേരിക്കൻ സാമ്രാജ്യത്വം ഈ പുത്തൻകൊളോണിയൽ ക്രമത്തിനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചിരുന്നു. എന്നാൽ ,  സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് (ICM) ഈ പരിവർത്തനത്തിന്റെ ഗൗരവം ഉൾക്കൊള്ളാൻ അന്നു കഴിഞ്ഞില്ല.  1943-ൽ കോമിന്റേണിന്റെ പിരിച്ചുവിടലും അതിന് ബദൽ രൂപീകരിക്കാൻ മുൻകൈ എടുക്കാതിരുന്നതും ഈ പരിമിതിയുടെ പ്രതിഫലനമായിരുന്നു. സാമ്രാജ്യത്വത്തിന്റെ പുത്തൻ കൊളോണിയൽ തന്ത്രം തിരിച്ചറിയാൻ 1947 ൽ രൂപീകൃതമായ കമ്മിൻഫോമിന് കഴിഞ്ഞുവെങ്കിലും,

1956-ൽ ക്രൂഷ്ചേവ് അത് പിരിച്ച് വിട്ടു. സോഷ്യലിസത്തിലേക്കുള്ള സമാധാനപരമായ പരിവർത്തനത്തെക്കുറിച്ചുള്ള റിവിഷനിസ്റ്റ് വ്യാഖ്യാനത്തോടൊപ്പം, സാമ്രാജ്യത്വത്തിന്‌റെ ദുർബലപ്പെടലായി ക്രൂഷ്ചേവ് പുത്തൻ കൊളോണിയലിസത്തെ വിശേഷിപ്പിച്ചു. അതേസമയം, മാവോ സേതൂങ്ങിന്‌റെ നേതൃത്വത്തിൽ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയാകട്ടെ, മഹത്തായ സംവാദത്തിലൂടെ സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്‌റെ തന്ത്രപരമായ പാത മുന്നോട്ട് വച്ചുകൊണ്ട്, അപ്പോഴേക്കും മുതലാളിത്ത പാത ആശ്ലേഷിച്ചു തുടങ്ങിയിരുന്ന സോവിയറ്റ് നേതൃത്വം പുത്തൻ കൊളോണിയലിസത്തെ വെള്ളപൂശിയത് തുറന്നു കാട്ടുകയുണ്ടായി.

2.3 സോവിയറ്റ് റിവിഷനിസ്റ്റുകൾ "പുത്തൻ കൊളോണിയലിസത്തിന്‌റെ മാപ്പുസാക്ഷികളാ"ണെന്ന് വിലയിരുത്തിയ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി, ഏഷ്യൻ-ആഫ്രിക്കൻ-ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലേക്കുള്ള ധനമൂലധനത്തിന്‌റെ തീവ്രമായ യുദ്ധാനന്തര കടന്നുകയറ്റത്തെ വിശകലനം ചെയ്തുകൊണ്ട് പുത്തൻ കൊളോണിയലിസം 'കൊളോണിയലിസത്തിന്‌റെ കൂടുതൽ വിനാശകാരിയും കുടിലവുമായ രൂപ'മായി വ്യാഖ്യാനിക്കുകയും ചെയ്തു. എന്നാൽ, കൊളോണിയലിസത്തിൽ നിന്നും പുത്തൻ കൊളോണിയലിസത്തിലേക്കുള്ള പരിവർത്തനം ശരിയായി വിലയിരുത്തിയപ്പോഴും, പുത്തൻകൊളോണിയൽ ഘട്ടത്തിൽ സാമ്രാജ്യത്വത്തിന്‌റെ തന്ത്രങ്ങളും അടവുകളും അനാവരണം ചെയ്യുന്നതിന് സിപിസിയുടെ ഭാഗത്തുനിന്ന് കാര്യമായ ശ്രമങ്ങൾ ഉണ്ടായിട്ടില്ല എന്നാണ് ലഭ്യമായ രേഖകൾ വെളിപ്പെടുത്തുന്നത്. മറുവശത്ത്, സാംസ്കാരിക വിപ്ലവകാലത്ത് ചൈനീസ് പാർട്ടിയിൽ ഇടതുപക്ഷ വിഭാഗീയത ശക്തിപ്പെട്ടതിന്‌റെ ഭാഗമായി, സാമ്രാജ്യത്വം ദുർബലമായി എന്ന വീക്ഷണത്തോടൊപ്പം, ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി മുന്നോട്ട് വെച്ച യുഎസ് സാമ്രാജ്യത്വത്തേക്കാൾ വലിയ ഭീഷണി 'സോവിയറ്റ് സോഷ്യൽ സാമ്രാജ്യത്വ'മാണെന്ന തെറ്റായ സങ്കൽപ്പനവും സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്‌റെ രാഷ്ട്രീയ-പ്രത്യയശാസ്ത്ര ലൈനിന് കനത്ത ദോഷം ചെയ്തു.

2.4 അതേസമയം, അമേരിക്കൻ നേതൃത്വത്തിലുള്ള സാമ്രാജ്യത്വം അതിന്‌റെ ബഹുമുഖമായ പുത്തൻകൊളോണിയൽ ആക്രമണം ആരംഭിച്ചപ്പോഴും, എല്ലാ ബലഹീനതകൾക്കിടയിലും, സോവിയറ്റ് യൂണിയന്‌റെയും ദേശീയ വിമോചന പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ സോഷ്യലിസത്തിന്‌റെ ശക്തമായ പുരോഗമന ധാരയുടെ സാന്നിദ്ധ്യം യുദ്ധാനന്തര വർഷങ്ങളിൽ ഉണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ സോഷ്യലിസത്തിനെതിരായ പ്രത്യയശാസ്ത്ര ആയുധമായി ക്ഷേമരാഷ്ട്ര നയം വിഭാവനം ചെയ്യാൻ അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വത്തെ നിർബന്ധിതമാക്കിയത് സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്‌റെ പ്രത്യയശാസ്ത്ര-രാഷ്ട്രീയ പ്രത്യാക്രമണങ്ങളുടെ പരിണിതഫലമായിരുന്നു. പക്ഷേ, മൂലധനസഞ്ചയത്തിന്‌റെ വൈരുദ്ധ്യങ്ങളുടെ തീവ്രത നിമിത്തം സാമ്രാജ്യത്വ പ്രതിസന്ധി സ്റ്റാഗ്ഫ്ലേഷന്‌റെ രൂപത്തിൽ 1970-കളിൽ പൂർവാധികം ശക്തിയോടെ തിരിച്ചുവന്നപ്പോൾ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്‌റെ

പ്രത്യയശാസ്ത്ര-രാഷ്ട്രീയ തിരിച്ചടികൾ മുതലെടുത്തുകൊണ്ട് സാമ്രാജ്യത്വം ക്ഷേമരാഷ്ട്ര നയങ്ങൾ ഉപേക്ഷിച്ച് നവലിബറലിസത്തെ ആശ്ലേഷിക്കുകയാണുണ്ടായത്.

2.5 നവലിബറലിസത്തിന് കീഴിൽ, സാങ്കേതിക വിദ്യയിലുണ്ടായ ഏറ്റവും നൂതനമായ മുന്നേറ്റങ്ങളുടെ പ്രയോഗം കോർപ്പറേറ്റ് ഊഹമൂലധനത്തിന്റെ അഭൂതപൂർവ്വമായ വിപുലീകരണത്തിന് ഒരു വശത്ത് സാമ്രാജ്യത്വത്തെ പ്രാപ്തമാക്കിയപ്പോൾ, ഉല്പാദനത്തിന്റെ സാർവ്വദേശീയവൽക്കരണവും അദ്ധ്വാനത്തിന്റെ ആഗോള തലത്തിലുള്ള പുതിയ തൊഴിൽ വിഭജനവുമടക്കം സാർവ്വദേശീയ തൊഴിലാളിവർഗ്ഗത്തിനു മേലുള്ള അതിചൂഷണത്തിന് അത് വഴിവെക്കുകയും ചെയ്തു. അദ്ധ്വാനത്തിനു മേലുള്ള ചൂഷണം തീവ്രതരമായതോടൊപ്പം, ഇതിനകം തെളിഞ്ഞത് പോലെ ആവാസവ്യവസ്ഥയിൽ നിന്ന് വ്യാപകമായി ജനങ്ങൾ കുടിയൊഴിപ്പിക്കപ്പെടുകയും തൽഫലമായി അഭയാർത്ഥി പ്രതിസദ്ധി രൂക്ഷമാകുകയും ചെയ്യുന്ന സംഭവ വികാസങ്ങളിലടക്കം പ്രകടമായ തരത്തിൽ അതിഭീകരമായ തോതിലുള്ള പാരിസ്ഥിതിക പ്രതിസന്ധികളിലേക്കെത്തും വിധം പ്രകൃതി ചൂഷണത്തിനായുള്ള ഭ്രാന്തമായ കുതിപ്പിനും നവഉദാരീകരണം സാക്ഷ്യം വഹിച്ചു. മാനവ ചരിത്രത്തിലെ ഒരു വഴിത്തിരിവായി മാറിയ കോവിഡ്-19 മഹാമാരിയുൾപ്പടെ പുതിയ ജന്തുജന്യ വൈറസുകളുടെ ആവിർഭാവത്തിന് കാരണം പ്രകൃതിക്ക് മേലുള്ള കോർപ്പറേറ്റ് മൂലധനത്തിന്റെ കടന്നുകയറ്റമാണ് എന്നും അംഗീകരിക്കപ്പെട്ടിരിക്കുന്നു.

2.6 പുത്തൻ കൊളോണിയൽ കാലത്തെ സാമ്രാജ്യത്വ പ്രതിസന്ധി നവലിബറൽ നയത്തിലേക്കുള്ള നയം മാറ്റം ആവശ്യമാക്കിയെങ്കിലും, സാർവ്വദേശീയ സാഹചര്യം ഇപ്പോഴും സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗ വിപ്ലവത്തിന്റേതുമാണ്. കഴിഞ്ഞ ദശകങ്ങളിലെ നവലിബറൽ ആഗോളീകരണം സാമ്രാജ്യത്വ ലോക വ്യവസ്ഥയുടെ എല്ലാ പ്രധാന വൈരുദ്ധ്യങ്ങളെയും - അതായത്,*സാമ്രാജ്യത്വവും മർദ്ദിത രാജ്യങ്ങളും ജനങ്ങളും തമ്മിലുള്ള വൈരുദ്ധ്യം, മൂലധനവും അദ്ധ്വാനവും തമ്മിലുള്ള വൈരുദ്ധ്യം, സാമ്രാജ്യത്വ രാജ്യങ്ങൾക്കും കുത്തക ഗ്രൂപ്പുകൾക്കുമിടയിലുള്ള വൈരുദ്ധ്യം, സാമ്രാജ്യത്വ വ്യവസ്ഥയും സോഷ്യലിസ്റ്റ് ശക്തികളും തമ്മിലുള്ള വൈരുദ്ധ്യം*, 2011 ലെ സിപിഐഐ (എംഎൽ) റെഡ് സ്റ്റാറിന്റെ ഒമ്പതാം പാർട്ടി കോൺഗ്രസ്സിൽ അംഗീകരിച്ച *മൂലധനവും പ്രകൃതിയും തമ്മിലുള്ള വൈരുദ്ധ്യം* - മൂർച്ഛിപ്പിച്ചിട്ടുണ്ട്. ഈ അഞ്ച് പ്രധാന വൈരുദ്ധ്യങ്ങളിൽ, ഒരു വശത്ത് സാമ്രാജ്യത്വവും മറുവശത്ത് മർദ്ദിത ജനങ്ങളും രാജ്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യം സാർവ്വദേശീയ തലത്തിൽ മുഖ്യ വൈരുദ്ധ്യമായി തുടരുന്നു.

2.7 21 ആം നൂറ്റാണ്ടിന്റെ ആദ്യ രണ്ട് ദശകങ്ങളിൽ, ഡിജിറ്റൈസേഷൻ ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകളിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾ ഉപയോഗിച്ച്, മൂലധന സമാഹരണ പ്രക്രിയയുടെ കൂടുതലുയർന്ന പുനഃസംഘടനയിലേക്കും ഉൽപ്പാദനത്തെ അപേക്ഷിച്ച് ഊഹ മേഖലകളുടെ വികാസത്തിലേക്കും നീങ്ങാൻ സാമ്രാജ്യത്വത്തിന് കഴിഞ്ഞു. തൽഫലമായി,

ഊഹമൂലധനം അഭൂതപൂർവമായ ആഗോള അസമത്വത്തിനും സമ്പത്തിന്റെ കേന്ദ്രീകരണത്തിനും ദാരിദ്ര്യത്തിന്റെയും തൊഴിലില്ലായ്മയുടെയും പരിസ്ഥിതി വിനാശത്തിന്റെയും ശക്തിപ്പെടലിനും കാരണമാവുകയും കൃഷിയുടെ കോർപ്പറേറ്റുവൽക്കരണം ഉൾപ്പെടെ എല്ലാ സാമൂഹിക മേഖലകൾക്കും വിധേയമാകുകയും ചെയ്തു. പ്രത്യേകിച്ച്, തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത അതിവേഗം വളരുമ്പോഴും, യഥാർത്ഥ വേതനം കുറച്ചുകൊണ്ട് എല്ലായിടത്തും തൊഴിലാളികൾ അതിചൂഷണത്തിനു വിധേയമായി. ഇതിനിടയിൽ, 2008-ലെ സാമ്രാജ്യത്വ പ്രതിസന്ധി, മുൻകാല പോരാട്ടങ്ങളിലൂടെ നേടിയെടുത്ത എല്ലാ ജനാധിപത്യ അവകാശങ്ങളും ഇല്ലാതാക്കി സാമൂഹിക ജീവിതത്തിന്റെ എല്ലാ മേഖലകളിലും കോർപ്പറേറ്റ് മൂലധനത്തെ കെട്ടഴിച്ച് വിട്ടുകൊണ്ട് തൊഴിലാളികൾ, കർഷകർ, സ്ത്രീകൾ, വംശീയ-മത ന്യൂനപക്ഷങ്ങൾ, കുടിയേറ്റക്കാർ, അഭയാർഥികൾ, മർദ്ദിത വിഭാഗങ്ങൾ എന്നിവരടക്കം വിശാല ജനവിഭാഗങ്ങൾക്കെതിരെ നിരവധി രാജ്യങ്ങളിൽ നവ ഫാസിസം വളർന്ന് വരാനുതകുന്ന തരത്തിൽ രാഷ്ട്രീയ ഉപരിഘടനയിൽ ആനുഷംഗികമായ മാറ്റങ്ങൾക്ക് വിധേയമാക്കി.

2.8 21 ആം നൂറ്റാണ്ടിലെ ഏറ്റവും ശ്രദ്ധേയമായ സാർവ്വദേശീയ സംഭവവികാസങ്ങളിലൊന്ന്, അമേരിക്കക്ക് പിന്നിൽ ഏറ്റവും വലിയ രണ്ടാമത്തെ സാമ്രാജ്യത്വ ശക്തിയെന്ന നിലക്കുള്ള ചൈനയുടെ രംഗപ്രവേശനമാണ്. 1976-ൽ മാവോ സെതൂങ്ങിന്റെ മരണശേഷം, ചൈനയും മുതലാളിത്ത പുനഃസ്ഥാപനത്തിന് വിധേയമായി. തൽഫലമായി, ചൈനീസ് ജനകീയ റിപ്പബ്ലിക്ക് ഉദ്യോഗസ്ഥ മേധാവിത്വ ഭരണകൂട കുത്തക മുതലാളിത്തമായി പരിവർത്തിക്കപ്പെടുകയും സാമ്രാജ്യത്വ ധനമൂലധനവുമായുള്ള ഉദ്ഗ്രഥനത്തിലൂടെ സവിശേഷമായ ഭൗമരാഷ്ട്രീയ താല്പര്യത്താൽ അമേരിക്കൻ സാമ്രാജ്യത്വവുമായി ഫലപ്രദമായി മത്സരിക്കാൻ ശേഷിയുള്ള സാമ്രാജ്യത്വ ശക്തിയായി ചൈന ക്രമേണ മാറുകയും ചെയ്തു. കുറഞ്ഞ വേതനത്താലധിഷ്ഠിതമായ ഉല്പാദനമേഖലയും ഡിജിറ്റൽ സാങ്കേതിക വിദ്യകളടക്കം ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യകളിന്മേലുള്ള ആപേക്ഷിക മുൻകൈയും പാശ്ചാത്യ സാമ്രാജ്യത്വ ശക്തികളോട്, പ്രത്യേകിച്ച് അമേരിക്കയുമായി മത്സരിച്ച് പുത്തൻകൊളോണിയൽ സ്വാധീന മേഖലകൾ പരുവപ്പെടുത്താൻ ചൈനയെ പ്രാപ്തമാക്കി. ചരക്കുകൾക്കും മൂലധന കയറ്റുമതിക്കുമായി ആഗോള വിപണിയിലേക്ക് കടന്നു കയറാനുള്ള ശ്രമങ്ങളും അസംസ്കൃത വസ്തുക്കളുടെ സ്രോതസ്സുകൾക്കായുള്ള കഴുത്തറപ്പൻ മത്സരവും ചൈനയെ മറ്റ് സാമ്രാജ്യത്വ ശക്തികളുമായി, പ്രത്യേകിച്ച് അമേരിക്കൻ സാമ്രാജ്യത്വവുമായി, കടുത്ത വൈരുദ്ധ്യത്തിലേക്ക് നയിച്ചിരിക്കുന്നു.

# അധ്യായം 3
# ഇന്ത്യ: ഭൂതകാലം മുതൽ വർത്തമാനകാലം വരെ

3.1 ഏകദേശം 140 കോടി ജനങ്ങൾ അധിവസിക്കുന്ന നമ്മുടെ ഇന്ത്യ, ലോകത്തിലെ ഏറ്റവും വലിയ രാജ്യങ്ങളിലൊന്നാണ്. ശ്രേണീബദ്ധമായ ജാതിവ്യവസ്ഥയാൽ ആഴത്തിൽ വേരുറപ്പിക്കപ്പെട്ട, വൈവിധ്യങ്ങളും സങ്കീർണ്ണതകളും ഏറെയുള്ള  ഒരു ബഹുരാഷ്ട്ര, ബഹുവംശ, ബഹുഭാഷാ, ബഹുസംസ്കാര, ബഹുമത രാജ്യമാണത്.  സിന്ധു നദീതീരത്ത് ഏകദേശം 6000 വർഷം മുമ്പ് മുതൽ നിലനിന്ന സിന്ധുനദീതട സംസ്കാരം അടക്കമുള്ള മഹത്തായ ഒരു ഭൂതകാലം ഈ രാജ്യത്തിനുണ്ട്.  അതേ സമയം, ദക്ഷിണേന്ത്യയിലെ വിശാലമായ ഭൂപ്രദേശത്തിലുടനീളം നവീന ശിലായുഗ നാഗരികതകൾ പ്രബലമായിരുന്നു. തമിഴ് നാട്ടിലെ കീഴടിയിൽ നടന്ന ഏറ്റവും പുതിയ (നാലാംഘട്ട) ഉൽഖനനങ്ങൾ ചൂണ്ടിക്കാട്ടുന്നത് ഇൻഡസ് ലിബിയും തമിഴ് ബ്രഹ്മി ലിബിയും തമ്മിൽ ബന്ധപ്പെടുത്തിയ ബിസി ആറാം നൂറ്റാണ്ടിലെ വെങ്കലയുഗ കാലഘട്ടത്തിൽ ഉയർന്ന തലത്തിലുള്ള നാഗരികത നിലനിന്നിരുന്നു എന്നാണ്. സിന്ധുനദീതട സംസ്കാരത്തിന്റെ അന്ത്യം എങ്ങനെയുണ്ടായി എന്നതിനെക്കുറിച്ച് വ്യത്യസ്തങ്ങളായ നിരവധി പരികൽപനകൾ നിലനിൽക്കുമ്പോൾ തന്നെ, അതെ തുടർന്ന് വന്ന വേദ സംസ്കാരം ഉത്തര-മധ്യ ഇന്ത്യയുടെ മൊത്തം സാമൂഹ്യ-രാഷ്ട്രീയ ചരിത്രത്തെ ഉടച്ച് വാർക്കുകയുണ്ടായി. നിരവധി ഭിന്നിപ്പുകളുണ്ടായിരുന്നെങ്കിലും വേദ നാഗരികതയുടെ പൈതൃകവും തുടർച്ചയും ഇന്ത്യൻ വർഗ്ഗ സമരത്തിന്റെ ഗതി നിർണ്ണയിക്കുന്നതിൽ നിർണ്ണായകമായി.

3.2 വേദ സംസ്കാരത്തിന്റെ കാലഘട്ടത്തിലുണ്ടായ ഉത്പാദന ശക്തികളുടെ വികാസം ക്രമേണ വർണ്ണങ്ങളുടെ രൂപത്തിലുള്ള വർഗ്ഗങ്ങളുടെ ആവിർഭാവത്തിലേക്കും വർണ്ണവിഭജനത്തിന്റെ സവിശേഷ രൂപത്തിലുള്ള വർഗ്ഗ വിഭജനത്തിലേക്കും നയിച്ചു. അങ്ങിനെ, പുരാതന ഇന്ത്യയിലെ വർഗ്ഗസമരം വർണ്ണ സമരത്തിന്റെ രൂപത്തിൽ ആവിർഭവിച്ചു. പിൽക്കാല വേദ കാലഘട്ടത്തിൽ ബ്രാഹ്മണരും ക്ഷത്രിയരും രാജ്യത്തിന്റെ വിശാലമായ ഭൂപ്രദേശങ്ങളിൽ ഭരണവർഗങ്ങളായി ഉയർന്നുവന്നു. ഈ ഭരണവിഭാഗത്തിന് എതിരായി, വൈശ്യരും ശൂദ്രരും ചേർന്ന മറ്റൊരു കൂട്ടുകെട്ടും അക്കാലത്ത് ഉയർന്നുവന്നു. അക്കാലത്തെ സമൂർത്ത സാഹചര്യങ്ങൾക്കനുസരിച്ച്, വൈശ്യരും ശൂദ്രരും അടങ്ങിയ ഈ കൂട്ടുകെട്ടായിരുന്നു രാജ്യത്തെ യഥാർത്ഥ ഉത്പാദകരേയും അധ്വാനിക്കുന്ന ജനവിഭാഗങ്ങളെയും പ്രതിനിധാനം ചെയ്തിരുന്നത്. ആര്യന്മാരുടെ പഴയകാല രാഷ്ട്രീയ സംഘടനകളായ സഭ, സമിതി എന്നിവയ്ക്ക് പകരമായി, പിൽക്കാല വേദകാലത്ത് ആവിർഭവിച്ച  ഈ വർഗ്ഗ വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ദൃഢമായി സ്ഥാപിതമായ ഭരണകൂട സംവിധാനം ഏകദേശം അഞ്ഞൂറ് വർഷത്തോളം നിലനിന്നു.

3.3 മൗര്യഭരണത്തിന്റെ പതനത്തോടെ ഈ കാലഘട്ടം അവസാനിക്കുകയും  മനുവാദത്തിലധിഷ്ഠിതമായ ഭരണകൂടം സ്ഥാപിതമാവുകയും ചെയ്തു.  ഈ പുതിയ ഭരണസംവിധാനം വർണ്ണ വിഭജനത്തെ സ്ഥാപനവൽക്കരിക്കുന്നതിനും അതിന്റെ ജാതി വ്യവസ്ഥയിലേക്കുള്ള

പരിവർത്തനത്തിനും വഴിയൊരുക്കി. മനുവാദി ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്രമായ മനുസ്മൃതി എല്ലാ സ്ത്രീകളേയും ശൂദ്രരായി കണക്കാക്കി. പ്രാചീന ഇന്ത്യയിൽ ഉടലെടുത്ത നിഷ്ഠൂരമായ ഈ പുരുഷാധിപത്യ ഭരണവ്യവസ്ഥ അതിന്റെ സത്തയിൽ ഒരു മാറ്റവുമില്ലാതെ ഇന്നും തുടരുന്നു. തൽഫലമായി, ജാതി സമരവും ലിംഗസമരവും ഇന്ത്യൻ വർഗസമരത്തിന്റെ രണ്ട് അവിഭാജ്യ ഘടകങ്ങളായി തുടക്കം മുതൽ വികസിച്ച് വന്നിട്ടുണ്ട്.

3.4 മധ്യകാലഘട്ടം മുതലുണ്ടായ സുൽത്താനേറ്റിന്റേയും തുടർന്ന് മുഗളന്മാരുടേയും ഭരണവഴ്ച  നിരവധി മാറ്റങ്ങൾക്കിടയാക്കിയെങ്കിലും ജാതി അടിസ്ഥാനമാക്കിയുള്ള രാജ്യത്തിന്റെ സാമൂഹിക ഘടനയെ സ്പർശിക്കുകയോ, ഇന്ത്യൻ വർഗസമരത്തിന്റെ അടിസ്ഥാന ഗതിയെ മാറ്റിമറിക്കുകയോ ചെയ്തില്ല. എന്നിരുന്നാലും, ഇന്ത്യയിലെ മുഗൾ ഭരണത്തിന്റെ അവസാന പകുതിയോടെ, തദ്ദേശീയ മുതലാളിത്ത വികാസത്തിന് അടിത്തറ പാകിയ സംഘടിത തൊഴിൽ സമ്പ്രദായത്തിന്റെയും ശക്തമായ വാണിജ്യ മൂലധനത്തിന്റെയും വരവ്, വ്യാപകമായ പണ സമ്പദ്‌വ്യവസ്ഥയുടേയും കേന്ദ്രീകൃത ഭരണകൂടാധികാരത്തിന്റെയും ആവിർഭാവത്തിലേക്ക് നയിച്ചു.

3.5  അതേ സമയം, ഈ വാണിജ്യ സമ്പ്രദായത്തിന്റെ കാലം മുതൽക്കു തന്നെ ഇന്ത്യയ്ക്കുമേൽ കൊളോണിയൽ ആധിപത്യം ആരംഭിച്ചു. ഈസ്റ്റ് ഇന്ത്യാ കമ്പനിയെ പ്രതിനിധീകരിച്ച കൊളോണിയൽ മേധാവികൾ ഇന്ത്യയെ കൊള്ളയടിക്കാനുതകുംവിധം രാഷ്ട്രീയ-സാമ്പത്തിക വ്യവസ്ഥയിൽ മാറ്റം വരുത്താൻ ശ്രമിച്ചെങ്കിലും സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ഇവിടുത്തെ ജാതി വ്യവസ്ഥയിൽ ഇടപെടാതിരിക്കാൻ തുടക്കം മുതലേ ശ്രദ്ധിച്ചു. മണ്ണിൽ പണിയെടുക്കുന്ന യഥാർത്ഥ കർഷകർക്ക് ഭൂമി കൈവശം വെക്കാനുള്ള അവകാശം നിഷേധിച്ചുകൊണ്ട് ഭൂമിയുടെ ശാശ്വതമായ ഉടമസ്ഥാവകാശം ഭൂവുടമകൾക്ക് ഉറപ്പ് വരുത്തുന്ന 1793 ലെ സ്ഥിരാവകാശ നിയമം പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ജന്മി സമ്പ്രദായം അടിച്ചേൽപ്പിച്ചു. സർക്കാർ ഏജന്റുമാർ കർഷകരിൽ നിന്ന് ഭൂമി കരം ശേഖരിച്ചു പോന്ന മഹൽവാരി, റയത് വാരി സമ്പ്രദായങ്ങളോടൊപ്പം ബംഗാളിൽ തുടങ്ങിവെച്ച ഈ ജമീന്ദാരി സമ്പ്രദായം ഇന്ത്യയുടെ മേൽ കൊളോണിയലിസത്തിന്റെ സാമൂഹിക അടിത്തറ രൂപപ്പെടുത്തിയ ഭൂബന്ധങ്ങളുടെ പ്രബലമായ ഫ്യൂഡൽ രൂപമായി മാറി.

3.6  പോർച്ചുഗീസുകാർക്കെതിരെ തുടങ്ങിവെച്ച കൊളോണിയൽ ആധിപത്യത്തിനെതിരായ ഇന്ത്യൻ ജനതയുടെ കലാപങ്ങളുടേയും ഉയിർത്തെഴുന്നേല്പ്പുകളുടേയും പരമ്പരകളുടെ പരിസമാപ്തിയായി നടന്ന 1857 ലെ ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യ സമരം ആത്യന്തികമായി ഇന്ത്യക്ക് മേലുള്ള ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ആധിപത്യത്തിലേക്ക് നയിച്ചു. കൃഷിയും ആഭ്യന്തര വ്യവസായവും ആവാസ വ്യവസ്ഥയും തകർക്കുന്നതിനെതിരായും നിർബന്ധിത ആദായ-നികുതി പിരിവിനെതിരായും കൊളോണിയൽ മേധാവികളുടെ അടിച്ചമർത്തലുകൾക്കെതിരായും പ്രാദേശിക ഭരണാധികാരികൾ മാത്രമല്ല, കർഷകരും ഗോത്ര ജനവിഭാഗങ്ങളും

തൊഴിലാളികളും നയിച്ച, പ്ലാസി യുദ്ധത്തിൽ തുടങ്ങിയ എണ്ണമറ്റ ഇത്തരം സമരങ്ങൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ തലങ്ങും വിലങ്ങും വ്യാപിച്ചു.

3.7 ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ ക്രൂരമായി അടിച്ചമർത്തിയതിനു ശേഷം, പ്രാദേശിക രാജാക്കന്മാരെയും ഫ്യൂഡൽ പ്രഭുക്കന്മാരെയും തങ്ങളുടെ വിശ്വസ്ത സഖ്യകക്ഷികളാക്കി മാറ്റിക്കൊണ്ട്, ജാതി-ഫ്യൂഡൽ കാർഷിക ബന്ധങ്ങളെ ദൃഢീകരിക്കുന്ന നയം ബ്രിട്ടൻ അനുവർത്തിച്ചു. ഒന്നാം സ്വാതന്ത്ര്യ സമരത്തിലെ ബ്രിട്ടീഷ് വിരുദ്ധ ഐക്യത്തിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട്, പ്രധാനമായും ഹിന്ദു-മുസ്ലീം വർഗ്ഗീയ ധ്രുവീകരണത്തിൽ അധിഷ്ഠിതമായ, 'ഭിന്നിപ്പിക്കൽ ഭരിക്കൽ' നയമായിരുന്നു 1857 നു ശേഷം ബ്രിട്ടീഷുകാർ കൈക്കൊണ്ടത്. ബ്രിട്ടീഷ് വ്യാവസായിക മുതലാളിത്ത അഭിവൃദ്ധിയുടെ കാലത്ത്, വ്യാപാര – തീരുവ നയങ്ങളിലൂടെ പരമ്പരാഗതവും ശൈശവാവസ്ഥയിലുള്ളതുമായ ഇന്ത്യയിലെ തദ്ദേശ വ്യവസായത്തെ തകർത്തുകൊണ്ട് ഇന്ത്യയെ അസംസ്കൃത വസ്തുക്കളുടെ സ്രോതസ്സായും ബ്രിട്ടീഷ് ഉൻപ്പന്നങ്ങൾക്കുള്ള വിപണിയായും മാറ്റാനുള്ള എല്ലാ ശ്രമങ്ങളും നടത്തി. റെയിൽവേ, തപാൽ, ടെലിഗ്രാഫ്, പണസംവിധാനം, ബാങ്കുകൾ, വായ്പാ സ്ഥാപനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ കെട്ടിപ്പടുക്കുന്നതിനൊപ്പം സൈന്യവും പോലീസും ഉൾപ്പെടെയുള്ള കൊളോണിയൽ ഭരണകൂടത്തിന്റെ ദൃഢീകരണം തുടങ്ങിയവയെല്ലാം ചേർന്ന് സർവ്വതും ബ്രിട്ടീഷ് കൊളോണിയൽ താൽപ്പര്യങ്ങൾക്ക് വിധേയമാക്കി. ഇടനിലക്കാരും മദ്ധ്യവർത്തികളുമായി നിലകൊണ്ട വ്യാപാരി വർഗ്ഗം പിന്നീട് ബ്രിട്ടീഷ് കൊളോണിയൽ വ്യവസ്ഥയുമായി ഇന്ത്യയെ ഉദ്ഗ്രഥിക്കുന്നതിനായി സേവ ചെയ്ത ദല്ലാൾ ബൂർഷ്വാ വർഗ്ഗമായി പിന്നീട് പരിവർത്തിക്കപ്പെട്ടു. ഇംഗ്ലീഷ് വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കപ്പെട്ടതോടെ ബ്രിട്ടീഷ് കൊളോണിയൽ ഭരണകൂടത്തെ സേവിക്കാൻ പ്രാപ്തമായ  ഒരു ദല്ലാൾ ഉദ്യോഗസ്ഥ മേധാവി വർഗ്ഗവും വികസിച്ച് വന്നു. ഇക്കാലമത്രയും വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട താഴ്ന്ന ജാതികളിലെ ഒരു ചെറിയ വിഭാഗത്തിനും പരിമിതമായ തോതിൽ ആധുനിക വിദ്യാഭ്യാസത്തിന് അതോടൊപ്പം അവസരം ലഭിച്ചു.

3.8  ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ അടിച്ചമർത്തിയതും കമ്പനി ഭരണത്തിൽ നിന്ന് ബ്രിട്ടീഷ് ഗവൺമെന്റിന്റെ നേരിട്ടുള്ള ഭരണത്തിലേക്കുള്ള മാറ്റവും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ആദിവാസി കലാപങ്ങൾ അടക്കമുള്ള ജനമുന്നേറ്റങ്ങളുടെ കുതിപ്പിന് വഴിയൊരുക്കി. ആധുനിക വിദ്യാഭ്യാസത്തിന്റെയും ബൂർഷ്വാ ജനാധിപത്യ ആശയങ്ങളുടെയും സ്വാധീനം നവോത്ഥാനത്തിന്റെയും സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെയും ആവിർഭാവത്തിനും കൊളോണിയലിസത്തിനെതിരായ രാഷ്ട്രീയ അവബോധം രാജ്യത്തുടനീളം വ്യാപിക്കുന്നതിനും കാരണമായി. ഈ സാഹചര്യത്തിലാണ് കൊളോണിയൽ ഭരണത്തിനെതിരായ ജനരോഷം നിയന്ത്രിക്കാനും വഴിതിരിച്ചു വിടാനുമുള്ള സുരക്ഷാ വാൽവായി കൊളോണിയലിസ്റ്റുകളുടെ കൂടെ പങ്കാളിത്തത്തോടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകൃതമായത്.  വളർന്ന് വന്നിരുന്ന  ദല്ലാൾ ബൂർഷ്വാസി, വൻകിട ഭൂപ്രഭുവർഗ്ഗം, ഉദ്യോഗസ്ഥ മേധാവി വിഭാഗങ്ങൾ തുടങ്ങിയവർക്ക് കോൺഗ്രസിന് മേൽ തങ്ങളുടേതായ സ്വാധീനമുണ്ടായിരുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും കോളനി വാഴ്ചയ്ക്കെതിരായ ദേശീയ പ്രസ്ഥാനത്തിന്റെ വേദിയായി കോൺഗ്രസ് ക്രമേണ മാറി. കൂടാതെ, കോൺഗ്രസ് രാജ്യത്തുടനീളം അതിന്റെ സ്വാധീനം വ്യാപിപ്പിക്കാൻ തുടങ്ങി. എന്നാൽ അതിന്റെ വർഗ്ഗസ്വഭാവം, കോളനി വാഴ്ചക്കെതിരായ ബഹുജനങ്ങളുടെ വിപ്ലവോത്സാഹത്തെ കെട്ടഴിച്ചുവിടുന്നതിൽ നിന്ന് കോൺഗ്രസിനെ തടഞ്ഞു. ബ്രിട്ടീഷ് കോമൺവെൽത്തിനകത്തുള്ള 'പുത്രികാരാജ്യ പദവി' യിൽ അത് തൃപ്തയായിരുന്നു.

3.9 തദ്ദേശീയവും പരമ്പരാഗതവുമായ വ്യവസായങ്ങളുടെ നാശത്തിനിടയിൽ, ആധുനിക വ്യവസായങ്ങളുടെ ആവിർഭാവവും സേവന മേഖലകളുടെ വളർച്ചയും 19 ആം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ തൊഴിലാളിവർഗത്തിന്റെയും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെയും വളർച്ചയ്ക്ക് കാരണമയി. 1907 ലെ ഇന്ത്യൻ തുണിമിൽ തൊഴിലാളികളുടെ പണിമുടക്ക് ലെനിൻ പോലും പ്രശംസിക്കുന്ന തരത്തിൽ അന്താരാഷ്ട്ര ശ്രദ്ധ നേടി. ഒക്ടോബർ വിപ്ലവം ലോകമെമ്പാടുമുള്ള തൊഴിലാളി വർഗത്തിനും ദേശീയ വിമോചന പ്രസ്ഥാനങ്ങൾക്കും പുതിയ ഉണർവേകി. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണവും ഖിലാഫത് പ്രസ്ഥാനത്തിന്റെ ആവിർഭാവവും കൊളോണിയൽ വിരുദ്ധ പ്രസ്ഥാനത്തെ ആവേശഭരിതമാക്കുകയും സമ്പൂർണ്ണ സ്വാതന്ത്ര്യമെന്ന ആവശ്യം കോൺഗ്രസ്സിനൊക്കൊണ്ട് പോലും അംഗീകരിക്കാൻ നിർബന്ധിതമാക്കുകയും ചെയ്തു. 1920-കളുടെ ആദ്യപകുതി, ബ്രിട്ടനോട് ദാസ്യമനോഭാവവും, ഫാസിസത്തോടും നാസിസത്തോടും ഉറ്റ ബാന്ധവവും പുലർത്തിയ ആർഎസ്എസ്സ് ഫാസിസ്റ്റ് സംഘടനയുടെ ആവിർഭാവത്തിനും സാക്ഷ്യം വഹിച്ചു. 1920-കളിൽ ഭഗത് സിംഗ് നയിച്ചതു പോലുള്ള വിവിധങ്ങളായ വിപ്ലവധാരകളും ഉയർന്ന് വന്നു. തൊട്ടു കൂടായ്മക്കു വിധേയരായ മർദ്ദിതരുടെ നേതാവെന്ന നിലയിൽ അംബേദ്കർ രാഷ്ട്രീയ രംഗത്തേക്ക് കടന്ന്  വരികയും, ആർഎസ്എസ് പിന്നീട് ഇന്ത്യൻ ഭരണഘടനയായി നിർദ്ദേശിച്ച മനുസ്മൃതി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പരസ്യമായി കത്തിക്കുകയും ചെയ്തു.

3.10 തുടർന്നുള്ള ദശാബ്ദങ്ങൾ തൊഴിലാളിവർഗ സമരങ്ങളുടെയും ഫ്യൂഡൽ വിരുദ്ധ സമരങ്ങളുടെയും അലയടികൾക്ക് സാക്ഷ്യം വഹിച്ചു. കമ്മ്യൂണിസ്റ്റുകാർ നയിച്ച ഈ സമരങ്ങളിൽ പലതും കൊളോണിയൽ, അർദ്ധ കൊളോണിയൽ, ആശ്രിത രാജ്യങ്ങളിലെ ജനകീയ ജനാധിപത്യ വിപ്ലവത്തെക്കുറിച്ചുള്ള കോമിന്റേണിന്റെ മാർഗ്ഗനിർദ്ദേശക തത്വങ്ങളാൽ സ്വാധീനിക്കപ്പെട്ടവയായിരുന്നു. ജാതി ഉന്മൂലനത്തിനുള്ള സമൂർത്ത സമീപനമുൾപ്പെടെ സാമ്രാജ്യത്വ വിരുദ്ധ, ജനകീയ ജനാധിപത്യ ലക്ഷ്യങ്ങളെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് മുന്നോട്ട് വച്ചുകൊണ്ട് 1930-ൽ സിപിഐ തയ്യാറാക്കിയ “പ്രവർത്തന രേഖ” (Draft Platform for Action) എന്ന രേഖയും ഇതുമായി ബന്ധപ്പെട്ട് കാണേണ്ടതാണ്.  1930 കളിൽ, കമ്മ്യൂണിസ്റ്റുകാരും അംബേദ്കറും തമ്മിൽ ഊഷ്മളമായ ബന്ധം നിലനിന്നിരുന്നു; 1930 കളുടെ അവസാനം വരെ ഇരുവരും സംയുക്തമായി നിരവധി തൊഴിലാളി സമരങ്ങളിൽ പങ്കെടുത്തു.

3.11 എന്നിരുന്നാലും, കൊളോണിയൽ ഭരണാധികാരികളുടെ പരിരക്ഷയിലും സാമ്പത്തിക സംരക്ഷണത്തിലും അക്കാലത്ത് ഭീമമായ തോതിൽ സമ്പത്ത് കുന്നുകൂട്ടി വളർന്നുവന്ന വൻകിട ബൂർഷ്വാസിയുടെ ദല്ലാൾ സ്വഭാവത്തെക്കുറിച്ച് വ്യക്തമായ ധാരണ വികസിപ്പിക്കുന്നതിൽ സിപിഐ നേതൃത്വം പരാജയപ്പെട്ടു. ഇന്ത്യയുടെ ജാതിവ്യവസ്ഥയെ ഉപരിഘടനയിലെ ഒരു പ്രതിഭാസമായി വിലയിരുത്തിക്കൊണ്ടുള്ള യാന്ത്രിക സമീപനവും ജാതി വ്യവസ്ഥ ഇന്ത്യയുടെ സാമൂഹിക രൂപവൽകരണത്തിൽ, ഉപരിഘടനയിലും അടിത്തറയിലും, എങ്ങനെ ഇഴചേർന്നിരിക്കുന്നുവെന്ന് മനസ്സിലാക്കുന്നതിൽ ഉണ്ടായ പരാജയവും, കമ്മ്യൂണിസ്റ്റ് പാർട്ടിയെ തൊഴിലാളിവർഗത്തിന്റെയും മർദ്ദിതരുടെയും പോരാട്ടങ്ങൾ നയിക്കാനും അതുവഴി സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ സ്വന്തം നേതൃത്വം സ്ഥാപിച്ചെടുക്കാനും അശക്തരാക്കി. കൊളോണിയൽ അടിച്ചമർത്തലിൽ നിന്നുള്ള മോചനത്തിനായുള്ള ഇന്ത്യൻ ജനതയുടെ പോരാട്ടത്തിന്റെ നേതൃത്വം കോൺഗ്രസിനും മുസ്ലീംലീഗിനും അടിയറവെക്കുന്നതിന് സമമായിരുന്നു അത്. ക്വിറ്റ് ഇന്ത്യാ സമരത്തോടുള്ള അതിന്റെ യാന്ത്രിക സമീപനവും വലിയ ദോഷംചെയ്തു. തെലങ്കാന-തേഭാഗ-പുന്നപ്ര-വയലാർ പോലുള്ള ഉജ്ജ്വല സമരങ്ങൾക്ക് നേതൃത്വം നൽകാനും കൊളോണിയൽ ആധിപത്യത്തിനെതിരായ നാവിക കലാപത്തിൽ സജീവമായ പങ്ക് വഹിക്കുവാനും സിപിഐ ക്ക് കഴിഞ്ഞെങ്കിലും മുൻകാല തെറ്റുകൾ തിരുത്തുവാനുള്ള ഒരു ശ്രമവും ഉണ്ടായില്ല.

3.12 അമേരിക്കയുടെ നേതൃത്വത്തിൽ നടപ്പായ 'അപകോളനിവൽക്കരണം' അടിസ്ഥാനമാക്കി ആഗോള തലത്തിൽ ഗുണപരമായ പരിവർത്തനങ്ങൾ നടന്നുകൊണ്ടിരുന്ന യുദ്ധാനന്തര സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ, ഔപചാരിക രാഷ്ട്രീയ സ്വാതന്ത്ര്യത്തോടെ ഇന്ത്യൻ ഉപഭൂഖണ്ഡത്തെ രണ്ട് രാജ്യങ്ങളായി വർഗ്ഗീയമായി വിഭജിക്കുന്നതിൽ ബ്രിട്ടീഷ് സാമ്രാജ്യത്വവാദികൾ വിജയിച്ചു. എന്നാൽ, സാമ്രാജ്യത്വത്തിന്റെ കൊളോണിയൽ ഘട്ടത്തിൽ നിന്ന് നവകൊളോണിയൽ ഘട്ടത്തിലേക്കുള്ള പരിവർത്തനത്തനമെന്ന നിലയിലുള്ള അധികാരക്കൈമാറ്റത്തിന്റെ സ്വഭാവം ശരിയായി മനസ്സിലാക്കുന്നതിൽ സിപിഐ വീണ്ടും പരാജയപ്പെട്ടു. മൗണ്ട് ബാറ്റൻ പദ്ധതിയെ "ദേശീയ മുന്നേറ്റത്തിനുള്ള പുതിയ അവസരങ്ങൾക്ക്" വഴിതുറക്കുന്നതായി 1947 ജൂണിലെ അതിന്റെ പ്രമേയം വിശേഷിപ്പിച്ചു. എന്നാൽ, 1947 സെപ്റ്റംബറിലെ കോമിൻഫോം പ്രമേയത്തെ തുടർന്ന്, "സാമ്രാജ്യത്വ-ഫ്യൂഡൽ-ബൂർഷ്വാ കൂട്ടുകെട്ടിലേക്കുള്ള" രാഷ്ട്രീയ അധികാരകൈമാറ്റമായി അത് ഡിസംബറിൽ വ്യാഖ്യാനിച്ചു. 1951-ൽ രൂപപ്പെടുത്തിയ പാർട്ടി രേഖകൾ ഈ വർഗ നിലപാടിനെ പ്രതിഫലിപ്പിക്കുകയുണ്ടായി. പിന്നീട്, "സാമ്രാജ്യത്വ പാളയം ദുർബ്ബലപ്പെട്ടിരിക്കുന്നു" എന്ന ക്രൂഷ്ചേവിയൻ നിലപാട് അംഗീകരിച്ച 1956 ലെ സിപിഐ യുടെ നാലാം പാർട്ടി കോൺഗ്രസ്സ്, വലിയൊരു നയവ്യതിയാനത്തിലൂടെ ഇന്ത്യ "രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയിരിക്കുന്നു" എന്ന നിലപാടിലെത്തിച്ചേർന്നു.

3.13 1947-ലെ അധികാരക്കൈമാറ്റത്തിനു ശേഷം, സാമ്രാജ്യത്വസേവകരായ ദല്ലാൾ ഉദ്യോഗസ്ഥമേധാവിത്ത വൻകിട ബൂർഷ്വാ-ഭൂപ്രഭു വർഗ്ഗങ്ങളുടെ താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന കോൺഗ്രസ് സർക്കാർ, രാജ്യ ഭേദമെന്യേ

എല്ലാ സാമ്രാജ്യത്വ രാജ്യങ്ങളിൽ നിന്നും വൻതോതിൽ വിദേശ മൂലധനത്തിന്റെ കടന്നു കയറ്റത്തിനായി രാജ്യത്തെ തുറന്നുകൊടുത്തു. സ്വാതന്ത്ര്യ സമര കാലത്ത് വാഗ്ദാനം ചെയ്യപ്പെട്ട "കൃഷിഭൂമി മണ്ണിൽ പണിയെടുക്കുന്നവർക്ക്"എന്നതിനടിസ്ഥാനപ്പെടുത്തിയ ഭൂപരിഷ്കരണം നടപ്പിലാക്കാനവർ വിസമ്മിച്ചപ്പോൾ തന്നെ, ജമീന്ദാരി സമ്പ്രദായം നിർത്തലാക്കുന്നതുൾപ്പടെയുള്ള മുകളിൽനിന്ന് കെട്ടിയേൽപ്പിച്ച ചില ഭൂപരിഷ്കരണ നിയമങ്ങളും പഴയ ഫ്യൂഡൽ ഭൂബന്ധങ്ങളിൽ മാറ്റം വരുത്തിയ ഭൂപരിതി നിയമങ്ങളും കൊണ്ട് വന്നു. ഫലത്തിൽ, കർഷകർക്കും മണ്ണിൽ പണിയെടുക്കുന്നവർക്കും ഭൂമി ലഭ്യമാക്കാതെ, പഴയ ജമീന്ദാർമാരും ഫ്യൂഡൽ ഭൂപ്രഭുക്കന്മാരും, തുടർന്നുള്ള കാലങ്ങളിൽ ഹരിതവിപ്ലവം നടപ്പിലാക്കുന്നതിനായുള്ള അടിത്തറയായി മാറിയ, മുതലാളിത്ത കർഷകരായും ഒരു പുതിയ കാർഷിക ബൂർഷ്വാ വർഗമായും രൂപാന്തരപ്പെടുന്നതിനു വഴിയൊരുക്കി. ഇത്, ധനമൂലധനത്തിനും പുതിയ കാർഷിക സാങ്കേതികവിദ്യയുടെയും രാസവളങ്ങളുടേയും കാർഷിക വ്യവസായത്തിന്റേയും കമ്പോള ശക്തികൾക്ക് കാർഷിക മേഖലയിലേക്ക് കടന്നുവരുവാനുള്ള വഴിയൊരുക്കി. തൽഫലമായി, ഫ്യൂഡലിസത്തെ സാമൂഹിക അടിത്തറയായി ഉപയോഗിച്ചിരുന്ന പഴയ കൊളോണിയൽ നയം സാമ്രാജ്യത്വത്തിന്റെ നവകൊളോണിയൽ ഘട്ടത്തിൽ അപ്രസക്തമായി.

3.14 യുദ്ധാനന്തരം ആഗോള തലത്തിൽ സാമ്രാജ്യത്വം നടപ്പാക്കിയ കെയ്നീഷ്യൻ ക്ഷേമരാഷ്ട്ര നയങ്ങളുടെ ഇന്ത്യൻ പതിപ്പായിരുന്നു നവഉദാരീകരണഘട്ടം ആരംഭിക്കുന്നത് വരെ പിന്തുടർന്ന, ഭരണകൂടം നേതൃത്വം നൽകിയ നെഹ്റുവിയൻ വികസന പരിപ്രേക്ഷ്യം. 1970 കളിൽ 'സ്റ്റാഗ്ഫ്ലേഷന്റെ' രൂപത്തിൽ സാമ്രാജ്യത്വ പ്രതിസന്ധി വീണ്ടും പ്രത്യക്ഷപ്പെട്ടപ്പോൾ, സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനേറ്റ തിരിച്ചടിയുടെ അനുകൂല സാഹചര്യം മുതലെടുത്തുകൊണ്ടും, സാമ്രാജ്യത്വം ക്ഷേമരാഷ്ട്ര നയം കയ്യൊഴിയുകയും നവഉദാരീകരണത്തെ ആശ്ലേഷിക്കുകയും ചെയ്തു. 1980 കളോടെ ഇന്ത്യൻ ഭരണകൂടവും നവഉദാര നയങ്ങളുടെ ദിശയിലേക്ക് നീങ്ങി. 1990 കളിലെ ശീതയുദ്ധാനന്തര ഘട്ടം മുതൽ, ഉദാരീകരണ-സ്വകാര്യവൽക്കരണ-ആഗോളീകരണ നയപരിപാടികളിലൂടെ ലോകം മുഴുവൻ നവഉദാരീകരണം വ്യാപകമായപ്പോൾ, ഇന്ത്യയും ഔപചാരികമായി നെഹ്റുവിയൻ നയങ്ങൾ കയ്യൊഴിയുകയും ഐഎംഎഫ്-ലോകബാങ്ക്-ലോകവ്യാപാര സംഘടന തീട്ടൂരങ്ങൾ അനുസ്യൂതം പിന്തുടരാൻ തുടങ്ങുകയും ചെയ്തു. വികസന പദ്ധതികളുടേയും ജനക്ഷേമ പരിപാടികളുടേയും പ്രാരംഭകൻ എന്ന ഉത്തരവാദിത്വത്തിൽ നിന്ന് കോർപ്പറേറ്റ് കൊള്ളയുടെ നിർവ്വാഹകൻ എന്ന നവഉദാരീകരണ കർത്തവ്യത്തിലേക്ക് ഭരണകൂടം വഴിമാറി.

3.15 ചുരുങ്ങിയ സമയത്തിനുള്ളിൽ പരമാവധി കോർപ്പറേറ്റ് സമ്പത്ത് സമാഹരണമെന്ന നവലിബറലിസത്തിൽ അന്തർലീനമായ യുക്തിക്കനുസൃതമായി, 1990-കൾ മുതലുള്ള ഇന്ത്യയിലെ നവലിബറലിസത്തിന്റെ മൂന്ന് ദശാബ്ദങ്ങൾ, ഊഹമൂലധന മേഖലയുടെ വികാസത്തിനും അപവ്യവസായവൽക്കരണത്തിലൂടെ ഉൽപാദന

സമ്പദ്‌വ്യവസ്ഥയുടെ ആപേക്ഷിക മുരടിപ്പിനും കാരണമായി. മഹാഭൂരിപക്ഷം വരുന്ന അദ്ധ്വാനിച്ച് ജീവിക്കുന്ന ദരിദ്രരും ഭാഗിക തൊഴിലാളികളും തൊഴിലാളിവർഗ്ഗം മുൻകാലങ്ങളിൽ പോരാടി നേടിയ എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ട, ദ്രുതഗതിയിൽ വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന അനൗപചാരിക-അസംഘടിത മേഖലകളെ ആശ്രയിക്കാൻ നിർബന്ധിതരായി. ഇന്ത്യയിലെ പകുതിയോളം ജനങ്ങൾ ഇപ്പോഴും കൃഷിയിലും അനുബന്ധ മേഖലകളിലുമായി ഉപജീവനം കണ്ടെത്തുന്നു. ഡിജിറ്റൈസേഷൻ ഉൾപ്പെടെ സാമ്രാജ്യത്വ നിയന്ത്രണത്തിലുള്ള എല്ലാ നൂതന സാങ്കേതികവിദ്യകളും തൊഴിലാളികളെ അമിതചൂഷണത്തിന് വിധേയമാക്കാനും അവരുടെ കൂട്ടായ വിലപേശൽ ശക്തി ഇല്ലാതാക്കി യഥാർത്ഥ കൂലി കുറയ്ക്കാനുമായി ഉപയോഗിക്കപ്പെടുന്നു. അതിന്റെ പരിണിതഫലമായി സമ്പത്തു കേന്ദ്രീകരണവും ദാരിദ്ര്യവും തൊഴിലില്ലായ്മയും അസമത്വവും അഴിമതിയും ഭീതിജനകമായ തോതിൽ വളരുന്നതോടൊപ്പം അവയുടെ സാംസ്കാരിക മാനങ്ങളായി ക്രിമിനൽ മാഫിയാവൽക്കരണമടക്കം സമൂഹമാകെ വ്യാപകമാവുകയും ചെയ്തുകൊണ്ടിരിക്കുന്നു. രാജ്യത്തിന്റെ സമ്പത്തും വരുമാനവും വർദ്ധമാനമായി ക്കൊണ്ടിരിക്കുന്ന ശതകോടീശ്വരന്മാരിൽ കൂടുതൽ കൂടുതൽ കേന്ദ്രീകരിക്കപ്പെടുകയും, ബഹുരാഷ്ട്ര കമ്പനികൾ അഭൂതപൂർവമായ തോതിൽ സമ്പത്ത് അന്യനാടുകളിലേക്ക് കടത്തിക്കൊണ്ട് പോവുകയും ദേശീയ സമ്പത്ത് വിദേശ നികുതി വെട്ടിപ്പ് കേന്ദ്രങ്ങളിൽ നിക്ഷേപിക്കപ്പെടുകയും ചെയ്യുന്ന പ്രവണത ശക്തിപ്പെടുന്ന മുറക്ക് ബഹുഭൂരിപക്ഷം വരുന്ന പരമദരിദ്രരുടേയും അശരണരുടേയും ലോകത്തിലെ ഏറ്റവും വലിയ ഊഷര ഭൂമിയായി ഇന്ത്യ മാറിക്കഴിഞ്ഞിരിക്കുന്നു.

3.16 2014-ൽ ആർ.എസ്.എസ് നേതൃത്വത്തിലുള്ള നവഫാസിസ്റ്റ് മോദി സർക്കാർ അധികാരത്തിലേറിയതോടെ, 1990-കൾ മുതൽ പിന്തുടരുന്ന നവലിബറൽ- കോർപ്പറേറ്റു വൽക്കരണം വിനാശകരമാം വിധം തീവ്രവലത്തേക്ക് തിരിഞ്ഞു. ഭരണകൂട നേതൃത്വത്തിലുള്ള വികസനത്തിന്റെ അവശേഷിക്കുന്ന പ്രതീകമായ, ആറര പതിറ്റാണ്ടിലേറെ പഴക്കമുള്ള ആസൂത്രണ കമ്മീഷൻ മോദി ഭരണം പിരിച്ച് വിട്ടു. അഴിമതിക്കാരായ കോർപ്പറേറ്റ് ശതകോടീശ്വരന്മാരുടെ കൈവശമുള്ള കണക്കിൽപ്പെടാത്ത ഭീമമായ പണം വെളുപ്പിക്കാൻ, അഴിമതിക്കെതിരായ മിന്നലാക്രമണം എന്ന പേരിൽ നോട്ട് നിരോധനം അടിച്ചേൽപ്പിച്ചു. സാധാരണക്കാരുടെ ധമനികളിൽ അവശേഷിച്ചതെല്ലാം അതിലൂടെ ഊറ്റിയെടുത്തു. അനൗപചാരിക മേഖലകളിലെ സാധാരണ ജനങ്ങളുടെ ജീവനാഡിയായ എല്ലാ ദൈനംദിന പണമിടപാടുകളേയും നിഷേധിച്ചുകൊണ്ട് രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ അപ്പാടെ ഇത് സ്തംഭനാവസ്ഥയിലേക്കെത്തിച്ചു. തുടർന്ന് ജിഎസ്ടി നടപ്പാക്കുക വഴി സംസ്ഥാന സർക്കാരുകളുടെ ഫെഡറൽ വിഭവസമാഹരണാവകാശം ഇല്ലാതാക്കുകയും ഇന്ത്യൻ കോർപ്പറേറ്റ് നികുതി നിരക്കുകൾ ലോകത്തിലെ ഏറ്റവും കുറഞ്ഞ നിലയിലായിരിക്കുമ്പോൾ തന്നെ നികുതിഭാരം മുഴുവൻ സാധാരണക്കാരുടെ ചുമലിലേക്ക് മാറ്റുകയും ചെയ്തു. ഇതിനെല്ലാം മകുടം ചാർത്തുമാറ്, ഓഹരി വിറ്റഴിക്കൽ എന്ന പേരിൽ എല്ലാ പൊതുമേഖലകളും വിദേശ-നാടൻ കോർപ്പറേറ്റുകൾക്ക് ചുളുവിലക്ക് വിറ്റു തുലക്കുന്ന ചരിത്രത്തിലെ ഏറ്റവും

വലിയ വിറ്റഴിക്കൽ പരിപാടി മോദി ഭരണം തുടർന്നുകൊണ്ടിരിക്കുന്നു. നവലിബറൽ കോർപ്പറേറ്റ് വൽക്കരണത്തിന്റെ അവിഭാജ്യ ഘടകമെന്ന നിലയിൽ അഴിമതി ഭരണവ്യവസ്ഥയുടെ എല്ലാ തലങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു.

3.17 കോർപ്പറേറ്റ് മൂലധനത്തിന്റെ അനിയന്ത്രിതമായ കടന്നുകയറ്റത്തിനുള്ള തടസ്സങ്ങൾ ഇല്ലാതാക്കാൻ, കാവി-കോർപ്പറേറ്റ് ഫാസിസ്റ്റ് ഭരണകൂടം ഇന്ത്യയിൽ നിലനിന്നിരുന്ന 44 തൊഴിൽ നിയമങ്ങൾക്ക് പകരം നാല് ലേബർ കോഡുകൾ ആവിഷ്കരിച്ചു കൊണ്ട് തൊഴിൽ സമയം എട്ട് മണിക്കൂറിലധികമായി വർദ്ധിപ്പിക്കുന്നതടക്കമുള്ള തൊഴിലാളികളുടെ എല്ലാ ജനാധിപത്യ അവകാശങ്ങളും കവർന്നെടുത്തു. വർഷങ്ങളായി നവലിബറൽ നയങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ടിരുന്നതിന്റെ ഫലമായി, 52 കോടിയോളം വരുന്ന ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ 95 ശതമാനവും തൊഴിലെടുക്കുന്നത് അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന അനൗപചാരിക-അസംഘടിത മേഖലയിലായി. പ്രകൃതിയെ കൊള്ളയടിക്കുന്നതിന് കോർപ്പറേറ്റുകൾക്ക് തടസ്സമായി നിന്നിരുന്ന എല്ലാ പാരിസ്ഥിതിക നിയന്ത്രണങ്ങളും എടുത്തുകളഞ്ഞു. 2020 ലെ പുതിയ വിദ്യാഭ്യാസ നയം (ENP-2020) വിദ്യാഭ്യാസത്തിന്റെ കാവി-കോർപ്പറേറ്റ് വൽക്കരണത്തിനായി ആവിഷ്കരിച്ചു. ലോകം കണ്ട ഏറ്റവും ദൈർഘ്യമേറിയ ചരിത്രപ്രധാനമായ കർഷക സമരത്തിലേക്ക് നയിച്ച, കൃഷിയിൽ നിന്നും കൃഷിഭൂമിയിൽ നിന്നും കർഷകരെ പുറന്തള്ളി കൃഷി, ഭൂവുടമസ്ഥത, കാർഷിക വിപണനം, രാജ്യത്തിന്റെ ഭക്ഷ്യ സുരക്ഷ തുടങ്ങിയ കൃഷിയുമായി ബന്ധപ്പെട്ട സകല കാര്യങ്ങളും കാർഷിക വ്യവസായ കോർപ്പറേറ്റുകളുടെ നീരാളിപ്പിടുത്തത്തിൻ കീഴിലാക്കുന്ന മൂന്ന് കർഷക മാരണ നിയമങ്ങൾ നടപ്പിലാക്കാനുള്ള നീക്കത്തിലേർപ്പെട്ടു. അതിനെത്തുടർന്ന്, ഇന്ത്യൻ ഭരണകൂടത്തെ കോർപ്പറേറ്റ് വൽക്കരണത്തിനുള്ള നിർവ്വാഹകനായി പരിപൂർണ്ണമായും പരിവർത്തിപ്പിച്ചതിന്റെ പാശ്ചാത്തലത്തിൽ, കോവിഡ് 19 മഹാമാരിയെ നേരിടാനെന്ന പേരിൽ ലോകത്തേറ്റവും കർക്കശമായ ലോക് ഡൗൺ ജനങ്ങൾക്ക് മേൽ ബലപ്രയോഗത്തിലൂടെ അടിച്ചേൽപ്പിച്ച മോദി സർക്കാർ ഇന്ത്യ കണ്ടതിൽ വെച്ചേറ്റവും കൊടിയ അപവ്യവസായവൽക്കരണത്തിനും തൊഴിലില്ലായ്മക്കും സാമ്പത്തിക മുരടിപ്പിനും ഊഹമൂലധന വികാസത്തിനും വഴിവെച്ചു. ഈ പ്രതിസന്ധിക്കിടയിലും, ഇന്ത്യൻ ഭരണകൂടത്തിന് ഉപരി മധ്യവർഗത്തിന്റെയും കോർപ്പറേറ്റ് മാധ്യമങ്ങളുടെയും വലിയ പിന്തുണ ലഭിച്ചുകൊണ്ടിരിക്കുന്നുമുണ്ട്.

3.18 അതിനിടയിൽ, ഉൽപ്പാദനത്തിന്റെ സാർവ്വദേശീയവൽക്കരണവും ഊഹ മൂലധനത്തിന്റെ ആഗോള ഉദ്ഗ്രഥനവും, വളർന്നുവരുന്ന ഇന്ത്യൻ കോർപ്പറേറ്റ് ശതകോടീശ്വരന്മാരിൽ പലരെയും സാങ്കേതികവിദ്യയും വിപണിയുമായും ബന്ധപ്പെട്ട് സാമ്രാജ്യത്വത്തോടുള്ള ആശ്രിതത്വം നിലനിർത്തുമ്പോൾ തന്നെ ബഹുരാഷ്ട്ര കമ്പനികളുടെ ജൂനിയർ പങ്കാളികളാകാൻ പ്രാപ്തരാക്കിയിരിക്കുന്നു. ഇന്ത്യൻ ഭരണകൂടത്തിന്റെ ആഭ്യന്തരവും വൈദേശികവുമായ നയതീരുമാനങ്ങൾ നവകൊളോണിയൽ - നവലിബറൽ സ്ഥാപനങ്ങളുടെ തീട്ടൂരങ്ങൾക്ക് വിധേയമാണ്. ഇതിനു അതിന്റേതായ

രാഷ്ട്രീയ മാനങ്ങളുണ്ട്. സാമ്രാജ്യത്വ വൈരുദ്ധ്യങ്ങളുടെയും സാർവ്വദേശീയ തലത്തിൽ ആഗോള അധികാര സന്തുലിതാവസ്ഥയിലെ ചുവടുമാറ്റങ്ങൾക്കുമൊപ്പം, വിപണിക്കും അസംസ്കൃത വസ്തുക്കൾക്കും നിക്ഷേപ മാർഗ്ഗങ്ങൾക്കുമായി വിവിധ സാമ്രാജ്യത്വ ശക്തികൾ തമ്മിലുള്ള കഴുത്തറപ്പൻ മത്സരത്തിന്റെയും പശ്ചാത്തലത്തിൽ, ഇന്ത്യൻ ഭരണകൂടം സാമ്രാജ്യത്വ ശക്തികളുമായി വിലപേശാനുള്ള ഗണ്യമായ ശേഷിയും നേടിക്കഴിഞ്ഞിട്ടുണ്ട്. സോവിയറ്റ് യൂണിയന്റെ ശിഥിലീകരണത്തെ തുടർന്ന് വന്ന ശീതയുദ്ധാനന്തര നവഉദാരീകരണം, അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ജൂനിയർ പങ്കാളി എന്ന നിലയിലും അതിന്റെ തന്ത്രപരമായ സഖ്യകക്ഷി എന്ന നിലയിലും ഇന്ത്യൻ ഭരണകൂടം, സാമ്രാജ്യത്വ നവകൊളോണിയൽ ആശ്രിതത്വത്തിന്റെ വിശാലമായ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് തന്നെ, ദക്ഷിണേഷ്യയിലെ അതിന്റെ രാജ്യാതിർത്ഥി വ്യാപന ഉപായങ്ങളും പ്രകടിപ്പിക്കുന്നു.

3.19 സർവതല സ്പർശിയായ കോർപ്പറേറ്റുവൽക്കരണവും മുകളിൽ നിന്നും കെട്ടിയേൽപ്പിച്ച മുതലാളിത്ത ബന്ധങ്ങളും ഫ്യൂഡൽ അവശിഷ്ട മൂല്യങ്ങൾ ഇല്ലാതാക്കുന്നതിനു പകരം അവയുമായി ഉദ്ഗ്രഥിച്ചുകൊണ്ട് അറുപിന്തിരിപ്പത്വം കൂടുതൽ പ്രാകൃത രൂപങ്ങളിൽ ശക്തിപ്പെടുത്തുന്നതിലേക്ക് വഴിവെച്ചു. കാവി-കോർപ്പറേറ്റ് ഫാസിസ്റ്റ് ഭരണകൂടം എല്ലാ പ്രാകൃത, ഫ്യൂഡൽ, ജാതീയ, പുരുഷാധിപത്യ ആക്രമണങ്ങളെയും പുതിയതും തീവ്രവുമായ രീതിയിൽ പ്രോൽസാഹിപ്പിക്കുന്നു. തൽഫലയമായി, ദളിതരും ആദിവാസികളും സ്ത്രീകളും ന്യൂനപക്ഷങ്ങളും കൂടുതൽ ഭീകരമായ അടിച്ചമർത്തലിന് വിധേയരാകുന്നു. പ്രത്യേകിച്ച്, ബ്രാഹ്മണ്യ പ്രത്യയശാസ്ത്രവും സംസ്കാരവും ശക്തിപ്പെടുത്തിയ ജാതീയതയും തൊട്ടുകൂടായ്മയും കോർപ്പറേറ്റുവൽക്കരണവുമായി സമന്വയിപ്പിക്കപ്പെട്ട് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളിലും ഉൾപ്പെടെ സർവ്വവ്യാപിയായി മാറിയിരിക്കുന്നു. ജനാധിപത്യ വിപ്ലവത്തിന്റെ ഏറ്റവും നിർണായകമായ കടമകളിലൊന്നായ ജാതി ഉന്മൂലനത്തിനായുള്ള വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം ഈ സാഹചര്യം ആവശ്യപ്പെടുന്നു. ഇന്ത്യൻ ഭരണകൂടത്തിന്റെയും സമൂഹത്തിന്റെയും രക്ഷാകർതൃത്വത്തിൽ തഴച്ചുവളർന്ന എല്ലാ പുരുഷാധിപത്യ സ്ഥാപങ്ങളേയും ഘടനകളേയും തകർക്കുക എന്നത് ജനാധിപത്യ വൽക്കരണത്തിന്റെ മറ്റൊരു ഖണ്ഡിതമായ ദൗത്യമാണ്.

3.20 അതിനിടയിൽ, ഭരണകൂടത്തിന്റെ നേതൃത്വത്തിലുള്ള നെഹ്രുവിയൻ വികസന പരിപ്രേക്ഷ്യം കയ്യൊഴിഞ്ഞതും കോർപ്പറേറ്റ് നിർവ്വാഹകൻ എന്ന നിലയിലേക്കുള്ള ഭരണകൂടത്തിന്റെ പരിവർത്തനവും ജാതി നിബിഡമായ ഇന്ത്യൻ  സമൂഹത്തിൽ അന്തർലീനമായ വൈരുദ്ധ്യങ്ങളും സംഘർഷങ്ങളും ദൃഢപ്പെടുത്തി. 1980-കളിൽ വന്ന മണ്ഡൽ കമ്മീഷൻ റിപ്പോർട്ട്, മർദ്ദിതരായ താഴ്ന്ന ജാതിക്കാരുടെ ദയനീയമായ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഭൂപരിഷ്കരണം, സംവരണം, സാമൂഹിക നീതി ഉറപ്പാക്കൽ എന്നിവ ശുപാർശ ചെയ്തിരുന്നു. എന്നാൽ, അവ നടപ്പാക്കുന്നതിനുപകരം, തങ്ങളുടെ ജാതിമത

വോട്ട് ബാങ്ക് രാഷ്ട്രീയത്തിന് അനുസൃതമായി അത് പ്രയോജനപ്പെടുത്താനാണ് ഭരണവർഗ പാർട്ടികൾ ശ്രമിച്ചത്. ബ്രാഹ്മണ്യ മനുവാദം എപ്പോഴും ഉയർത്തിപ്പിടിക്കുകയും അതിനാൽ മണ്ഡൽ ശുപാർശകളെ ശക്തമായി എതിർക്കുകയും ചെയ്ത കാവി ശക്തികൾ അതിനെതിരെ മന്ദിർ പ്രശ്നത്തെ മുന്നോട്ട് വെച്ചു കൊണ്ട് സമൂഹത്തിൽ രൂക്ഷമായ ജാതി ധ്രുവീകരണവും ജാതി വിദ്വേഷവും സൃഷ്ടിച്ചു. തുടർന്നുണ്ടായ സാമൂഹ്യ-രാഷ്ട്രീയ സംഘർഷങ്ങൾ മുതലെടുത്ത് ജാതി അടിസ്ഥാനത്തിലുള്ള സംവരണമെന്ന ആശയത്തെ തന്നെ അട്ടിമറിക്കുന്ന 'സാമ്പത്തിക സംവരണം', 'ക്രീമി ലെയർ' തുടങ്ങിയ പരികൽപ്പനകൾ മുന്നോട്ട് വെക്കപ്പെട്ടു. ഇതോടൊപ്പം, പൊതുമേഖലയുടെ വെട്ടിച്ചുരുക്കലും സ്വകാര്യ കോർപ്പറേറ്റ് മേഖലയുടെ വളർച്ചയും മർദ്ദിത ജാതികളുടെ ജനാധിപത്യ അവകാശമായ സംവരണത്തിന്റെ സാധ്യതക്ക് കൂടുതൽ തടസ്സം നേരിട്ടു.

3.21 ലോകത്തിലെ ഏറ്റവും ദീർഘിച്ച ചരിത്രമുള്ള, ഏറ്റവും വലിയ ഫാസിസ്റ്റ് സംഘടനയായ ആർഎസ്എസിന്റെ നേതൃത്വത്തിൽ ഇന്ത്യയിൽ നവഫാസിസത്തിന്റെ ആവിർഭാവവും നവലിബറലിസത്തിന്റെ കടന്നുവരവും ചേരുമ്പടിയാണ്. 1970 കളുടെ മധ്യത്തിൽ രാജ്യത്തെ രാഷ്ട്രീയ-സാമ്പത്തിക അസ്ഥിരതയുടെയും വൈരുദ്ധ്യങ്ങൾ മൂർച്ഛിച്ചതിന്റെയും പശ്ചാത്തലത്തിലുണ്ടായ അടിയന്തരാവസ്ഥ മുതലെടുത്ത് ആർഎസ്എസ് പൊതുശ്രദ്ധയിലേക്ക് തിരിച്ച് വരികയും ജനസംഘത്തിന്റെ സ്ഥാനത്ത് ബിജെപിയെ പ്രതിഷ്ഠിക്കുകയും, ചുരുങ്ങിയ സമയത്തിനുള്ളിൽ ഇന്ത്യയിലെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടിയായി മാറുകയും ചെയ്തു. കോൺഗ്രസ്സിന്റെ മൃദുഹിന്ദുത്വ സമീപനവും നവലിബറൽ സാഹചര്യവും ഫലപ്രദമായി ഉപയോഗപ്പെടുത്തികൊണ്ട് രാമജന്മഭൂമി പ്രസ്ഥാനം, 1992-ലെ ബാബറി മസ്ജിദ് തകർക്കൽ, 1998-2004 കാലത്തെ ബിജെപി ഭരണം, 2002 ലെ ഗുജറാത്ത് വംശഹത്യ, 2014-ൽ മോദി ഭരണത്തിന്റെ ആധിപത്യവും തുടർന്ന് 2019-ലെ തെരഞ്ഞെടുപ്പിൽ മോദിയുടെ രണ്ടാം ഭരണത്തിനുള്ള തകർപ്പൻ വിജയവും തുടങ്ങി നീണ്ട ഒരു പ്രക്രിയയിലൂടെ ആർഎസ്എസ് അതിന്റെ സമ്പൂർണ്ണ ഫാസിസ്റ്റ് ഭരണം ഇന്ത്യയിൽ സ്ഥാപിക്കുന്നതിൽ വിജയിച്ചു.

3.22 അതിന്റെ പ്രകടനമെന്ന നിലയിൽ, ഭരണഘടനാപരവും ഭരണനിർവ്വഹണപരവുമായ എല്ലാ ഘടനകളേയും അധികാര സ്ഥാപനങ്ങളേയും ഈ ഫാസിസ്റ്റ് പരിവർത്തനത്തിന് അനുയോജ്യമായി കാവിവൽക്കരിച്ചിരിക്കുന്നു. ഭരണഘടനയുടെ 370 ആം വകുപ്പ് റദ്ദാക്കിക്കൊണ്ട് കാശ്മീരിനെ ഇന്ത്യൻ യൂണിയനിലേക്ക് ബലമായി ഉദ്ഗ്രഥിക്കൽ, ബാബരി മസ്ജിദ് സ്ഥിതി ചെയ്തിരുന്നിടത്ത് തന്നെ രാമക്ഷേത്രം നിർമ്മിക്കൽ, പൗരത്വ നിയമം ഭേദഗതി ചെയ്ത് മുസ്ലീങ്ങളെ രണ്ടാം തരം പൗരന്മാരാക്കൽ, വിദ്യാഭ്യാസത്തേയും സംസ്കാരത്തേയും കാവിവൽക്കരിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള നടപടി പരമ്പരകൾ, ഇന്ത്യൻ ഭരണഘടനയുടെ എല്ലാ ഫെഡറൽ തത്വങ്ങളേയും കുഴിതോണ്ടിയെറിയൽ തുടങ്ങിയ നിരവധി നടപടികളിലൂടെ ഭൂരിപക്ഷ ഹിന്ദുരാഷ്ട്രം സ്ഥാപിക്കുക എന്ന അതിന്റെ ആത്യന്തിക ലക്ഷ്യത്തിലേക്ക് ആർഎസ്എസ്സ് മുന്നേറിക്കൊണ്ടിരിക്കുകയാണിപ്പോൾ. ഇന്ത്യയുടെ ബഹുദേശീയ, ബഹുഭാഷ, ബഹുസംസ്കാര, ബഹുവംശ, ബഹുമത സത്തയ്ക്ക്

മേൽ ഒരു സമസ്ത ഭാരത ഏകത്വം അടിച്ചേൽപ്പിക്കുകയും യുക്തിസഹവും ശാസ്ത്രീയവുമായ ചിന്തകൾ ഉൾപ്പെടെ ആധുനികതയുടെ എല്ലാ മൂല്യങ്ങളെയും നിരാകരിക്കുകയും, ജീർണ്ണിച്ച പാരമ്പര്യവാദത്തെയും പിന്തിരിപ്പത്വത്തെയും വളർത്തുകയും, വിയോജിപ്പുകളെയും വിമതസ്വരങ്ങളെയും രാജ്യദ്രോഹമായി കണക്കാക്കുകയും കമ്മ്യൂണിസ്റ്റുകാരെയും പുരോഗമന ജനാധിപത്യ-ശക്തികളെയും തകർക്കാൻ ലക്ഷ്യം വെയ്ക്കുകയും, എല്ലാറ്റിനുമുപരിയായി കോർപ്പറേറ്റ് ഫിനാൻസ് മൂലധനവുമായി ഉപാദികളില്ലാതെ ഉദ്ഗ്രഥിച്ചുകൊണ്ടും, ആർഎസ്എസ് നേതൃത്വത്തിലുള്ള ബിജെപി ഭരണം ഒരു മാതൃകാ നവ-ഫാസിസ്റ്റ് ഭരണമായി മാറിയിരിക്കുന്നു.

3.23 നവലിബറലിസത്തിന് കീഴിൽ കോർപ്പറേറ്റ് ഊഹ മൂലധനം  പ്രകൃതിയെ തീവ്രമായി കൊള്ളയടിക്കുന്ന ആഗോള പ്രവണതയ്ക്ക് അനുസൃതമായി, ഈ നവലിബറൽ ഘട്ടത്തിൽ ഇന്ത്യയും അഭൂതപൂർവമായ പാരിസ്ഥിതിക വിനാശത്തിന് സാക്ഷ്യം വഹിച്ചു കൊണ്ടിരിക്കുന്നു. ആഗോള കോർപ്പറേറ്റുകളുടെയും അവരുടെ ഇന്ത്യൻ ജൂനിയർ പങ്കാളികളുടെയും താല്പര്യാർത്ഥം, പരിസ്ഥിതി സംരക്ഷണത്തിനായി ഇന്ത്യയിൽ നിലനിന്നിരുന്ന എല്ലാ നിയമങ്ങളും നിയന്ത്രണങ്ങളും ഒന്നൊന്നായി എടുത്തുകളഞ്ഞിരിക്കുന്നു. ജനങ്ങളെ അവരുടെ ആവാസവ്യവസ്ഥയിൽ നിന്ന് വൻതോതിൽ കുടിയൊഴിപ്പിക്കുന്നതും പരിസ്ഥിതി ലോലവും ദുർബലവുമായ പ്രദേശങ്ങളിൽ ഇതുവരെ ബാധകമായിരുന്ന നിയന്ത്രണങ്ങളെ കോർപ്പറേറ്റുകൾ ലംഘിക്കുന്നതും നിയമവിധേയമാക്കുന്ന ഏറ്റവും പുതിയ പരിസ്ഥിതി ആഘാത മൂല്യനിർണ്ണയ ഭേതഗതി (EIA Amendment) അവയിൽ ഏറ്റവും കുപ്രസിദ്ധമായ ഒന്നാണ്. വിദേശ മൂലധനത്തെ ആകർഷിക്കുവാനുള്ള അനിവാര്യമായ ഘടകങ്ങളെന്ന നിലയിൽ 'കച്ചവടം സുഗമമാക്കൽ' ,'നിക്ഷേപ സൗഹൃദ' നടപടികൾ തുടങ്ങിയവ പരിസ്ഥിതി ഹാനികരവും വിഷമാലിന്യങ്ങളുമടങ്ങിയ വ്യവസായങ്ങളും കാലഹരണപ്പെട്ട ആണവ നിലയങ്ങളും രാജ്യത്തേക്ക് കൊണ്ട് വന്ന് തള്ളുന്നതിനു വേണ്ടിയുള്ളവയാണ്. ആവാസ  വ്യവസ്ഥയുടെയും പരിസ്ഥിതിയുടെയും മുഴുവൻ പ്രശ്നവും കോർപ്പറേറ്റ മൂലധനത്തിന്റെ കടന്നുകയറ്റവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന ഈ നിർണായക ഘട്ടത്തിൽ, പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന ഒരു വികസന മാതൃകയ്ക്കുള്ള മുൻകൈ പ്രവർത്തനം ജനകീയ ജനാധിപത്യത്തിന്റെയും സോഷ്യലിസത്തിന്റെയും ഒഴിച്ചുകൂടാനാവാത്ത ഘടകമായി മാറിയിരിക്കുന്നു.

# അധ്യായം 4
# ഇന്ത്യൻ വിപ്ലവത്തിന്റെ ഘട്ടവും പാതയും

4.1 അധ്യായം 2 ൽ വിശദീകരിച്ചതുപോലെ, 'അപകോളനിവൽക്കരണ' ത്തിന്റെ മൂടുപടമിട്ടുകൊണ്ട് സാമ്രാജ്യത്വത്തിന്റെ കൊളോണിയൽ ഘട്ടം ഗുണപരമായി വ്യത്യസ്തമായ പുത്തൻകൊളോണിയലിസത്തിന്റെ ഒരു പുതിയ ഘട്ടമായി രൂപാന്തരപ്പെട്ടപ്പോൾ , ഈ മാറ്റം ആഗോള ധനമൂലധനത്തിന്റെ അനിയന്ത്രിതമായ ബഹുമുഖ വിപുലീകരണത്തിനും ആധിപത്യത്തിനുമാണ് വഴിതെളിച്ചത്. ബ്രിട്ടനെ ഏകപക്ഷീയമായി ആശ്രയിക്കുന്ന അവസ്ഥയിൽ നിന്നും യുഎസിന്റെ നേതൃത്വത്തിലുള്ള ലോക സാമ്രാജ്യത്വ വ്യവസ്ഥയോടുള്ള ബഹുമുഖ ആശ്രിതത്വത്തിലേക്കുള്ള ഇന്ത്യൻ ദല്ലാൾ ബൂർഷ്വാസിയുടെ ചുവട് മാറ്റത്തിനു ഇത് കാരണമായി. സാമ്രാജ്യത്വ മൂലധനത്തിന്റെ ചലന ക്രമങ്ങൾക്കനുസൃതമായി, കൊളോണിയൽ ഉല്പാദന രീതിയിൽ നിന്നുള്ള പരിവർത്തനം, ജമീന്ദാരി സമ്പ്രദായം ഇല്ലാതാക്കുന്നതിലേക്കും നിരവധി മുതലാളിത്ത പൂർവ ബന്ധങ്ങളുടെ തുടർച്ചയ്ക്കൊപ്പം, ഹരിതവിപ്ലവം പോലുള്ള നയങ്ങളിലൂടെ കാർഷികമേഖലയിലേക്കുള്ള മുതലാളിത്ത ബന്ധങ്ങളുടെ നുഴഞ്ഞുകയറ്റത്തിന് വഴിയൊരുക്കാൻ നിർബന്ധിതമാക്കി.

4.2 ഇതോടൊപ്പം, മൂലധനത്തിനും സാങ്കേതിക വിദ്യയ്ക്കുമായി മുഖ്യമായും സാമ്രാജ്യത്വത്തെ ആശ്രയിച്ചപ്പോൾ തന്നെ, പൊതുമേഖലയിൽ ഗവേഷണ - അടിസ്ഥാന സൗകര്യങ്ങളും സേവന മേഖലകളും വികസനമടക്കം കെട്ടിപ്പടുക്കാൻ ഇന്ത്യൻ ഭരണകൂടത്തെ പ്രാപ്തമാക്കിയ സർക്കാർ മുൻകയ്യിലുള്ള നെഹ്റുവിയൻ വികസന മാതൃക സ്വീകരിക്കപ്പെട്ടു. സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയൻ ഒരു സോഷ്യൽ സാമ്രാജ്യത്വ ശക്തിയായി അധഃപതിക്കുകയും ശീതയുദ്ധത്തിലൂടെ സോവിയറ്റ് യൂണിയനും അമേരിക്കയും തമ്മിലുള്ള സാമ്രാജ്യത്വ വൈരുദ്ധ്യങ്ങൾ രൂക്ഷമാകുകയും ചെയ്തപ്പോൾ, ഈ വൈരുദ്ധ്യം ഇന്ത്യൻ ഭരണവർഗങ്ങളിലും പ്രതിഫലിച്ചു. പലപ്പോഴും, ഈ അന്തർ സാമ്രാജ്യത്വ വൈരുദ്ധ്യം 1970-കൾ വരെ രണ്ട് വൻശക്തി ബ്ലോക്കുകൾക്കിടയിൽ വിലപേശലിനും താല്പര്യസംരക്ഷണത്തിനും ഇന്ത്യൻ ഭരണകൂടം ഉപയോഗിച്ചിരുന്നു. എന്നാൽ, നവലിബറലിസത്തിന്റെ തുടക്കത്തോടെ, ഈ പശ്ചാത്തലം ഇന്ത്യൻ വൻകിട ബൂർഷ്വാസിയെ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ജൂനിയർ പങ്കാളിയായും ദക്ഷിണേഷ്യയിലെ തന്ത്രപരമായ സഖ്യകക്ഷിയായും പ്രാദേശിക ശക്തിയായും രൂപാന്തരപ്പെടാൻ പ്രാപ്തമാക്കി. നവലിബറൽ നയങ്ങളിലൂടെ അഭൂതപൂർവമായ തോതിൽ സമ്പത്ത് സമാഹരിക്കാൻ കഴിഞ്ഞ ഇന്ത്യൻ വൻകിട കോർപ്പറേറ്റുകൾക്ക് ബഹുരാഷ്ട്ര കമ്പനികളുമായി സഹകരിച്ചുള്ള ആഗോളപ്രവർത്തനങ്ങൾ വിപുലീകരിക്കാനും ഇത് സഹായിച്ചു.

4.3 ക്ഷേമ മുതലാളിത്തത്തിന്റെ കാലത്തെ വികസനത്തിന്റെ പ്രാരംഭകനെന്ന സ്ഥാനത്തുനിന്ന് നവലിബറലിസത്തിനു കീഴിൽ കേവലം കോർപ്പറേറ്റ്

സഹായിയായുള്ള ഇന്ത്യൻ ഭരണകൂടത്തിന്റ പരിവർത്തനം കാവി-കോർപ്പറേറ്റ് ഫാസിസത്തിന്റെ ആവിർഭാവത്തോടെ കൂടുതൽ തീവ്രതയാർജ്ജിച്ചതോടൊപ്പം ഭരണഘടനയും പാർലമെന്റുമടക്കമുള്ള സംവിധാനങ്ങളെല്ലാം ബൂർഷ്വാ ജനാധിപത്യ ഉള്ളടക്കം നഷ്ടപ്പെട്ട് കേവലം നോക്കുകുത്തിയായി മാറുകയും ചെയ്തു. കോർപ്പറേറ്റ് അനുകൂല നവഫാസിസ്റ്റ് നിയമങ്ങളും തന്ത്രപരമായ തീരുമാനങ്ങളും ചർച്ചകളോ കൂടിയാലോചനകളോ ഉചിതമായ പാർലമെന്ററി സമിതികളുടെ സൂക്ഷ്മ പരിശോധനകളോ കൂടാതെ തിടുക്കത്തിൽ പാസാക്കുമ്പോൾ പാർലമെന്റിന്റെ വെറും കാഴ്ചക്കാരനാക്കി മാറ്റിയിരിക്കുന്നു. തന്ത്രപരമായ വിഷയങ്ങളുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ കോർപ്പറേറ്റ് – ബ്യൂറോക്രാറ്റിക് ബോർഡ് റൂമുകളിലെടുക്കുമ്പോൾ എക്സിക്യൂട്ടീവും കോർപ്പറേറ്റ് നോമിനികളായ ബ്യൂറോക്രറ്റുകളും  കേന്ദ്രം മുതൽ പ്രാദേശിക തലങ്ങൾ വരെ തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളെ മറികടക്കുകയും ചെയ്യുന്നു. സൈന്യവും സുരക്ഷാ സേനയും പോലീസും ഉൾപ്പെടെയുള്ള എല്ലാ ഭരണനിർവഹണ ഉപകരണങ്ങളും മാരണ നിയമങ്ങളുടെയും പ്രത്യേക അധികാരങ്ങളുടെയും കോർപ്പറേറ്റ് മാധ്യമങ്ങളുടേയും പിന്തുണയോടെ പ്രതിഷേധിക്കുന്നവരും രാഷ്ട്രീയ വിയോജിപ്പു പ്രകടിപ്പിക്കുന്നവരും പണിമുടക്കുന്ന തൊഴിലാളികളും മർദ്ദിത ദേശീയവിഭാകങ്ങളൂം ന്യൂനപക്ഷങ്ങളും ദളിതരും ആദിവാസികളും ഉൾപ്പെടെ എല്ലാ മർദ്ദിതരേയും അടിച്ചമർത്തുകയും എല്ലാ ജനാധിപത്യ അവകാശങ്ങളും കവർന്നെടുക്കുകയും ചെയ്യുന്നു. ബൂർഷ്വാ പാർലമെന്ററി ജനാധിപത്യത്തിന്റെ ബാഹ്യരൂപങ്ങൾ നിലനിൽക്കുമ്പോഴും, സാരാംശത്തിൽ, അധികാര സംവിധാനമപ്പാടെ സാമ്രാജ്യത്വ മൂലധനവുമായി സഹവർത്തിക്കുന്ന കോർപ്പറേറ്റ് ഫാസിസ്റ്റ് ഭരണകൂടത്തിന്റെ ഉറച്ച പിടിയിലായിരിക്കുന്നു.

4.4 ഈ സന്ദർഭത്തിൽ, സാമ്രാജ്യത്വവുമായി സഹകരിക്കുകയും ഇന്ത്യയിലെ നവലിബറൽ നയങ്ങളുടെ നടത്തിപ്പുകാരുമായ കോർപ്പറേറ്റ് വൻകിട ബൂർഷ്വാസിയും ഉദ്യോഗസ്ഥമേധാവി വർഗ്ഗവും ഇന്ത്യൻ ജനതയുടെ ഏറ്റവും വലിയ ശത്രുക്കളാണ്. ഇന്ത്യയിൽ അസമത്വത്തിന്റേയും ദാരിദ്ര്യത്തിന്റെയും ഭീകരമായ തലങ്ങൾ സൃഷ്ടിക്കുന്ന പ്രക്രിയയോടൊപ്പം വൻതോതിലുള്ള സമ്പത്ത് സമാഹരണം നടത്തുന്ന  ഇന്ത്യൻ കോർപ്പറേറ്റുകളിലെ അതിസമ്പന്നർ സാമ്രാജ്യത്വത്തിന്റെ ജൂനിയർ പങ്കാളികളായിക്കൊണ്ട് മറ്റ് രാജ്യങ്ങളിലും സാമ്പത്തിക നേട്ടമുണ്ടാക്കുന്നു. ഇന്ത്യയുടെ സ്വതന്ത്രവും സുസ്ഥിരവും ജനാധിപത്യപരവുമായ വികസനത്തിനുള്ള ഏറ്റവും വലിയ തടസ്സം അവരാണ്.

4.5 കൃഷിയുടെ കോർപ്പറേറ്റ് വൽക്കരണത്തിന്റെ ഫലമായി മാരകശക്തിയായി മാറിക്കഴിഞ്ഞ കോർപ്പറേറ്റ് കാർഷികവ്യവസായ ഭൂവുടമ വർഗ്ഗം വൻകിട ബൂർഷ്വാ – ഉദ്യോഗസ്ഥ വർഗ്ഗവുമായി ബാന്ധവത്തിലേർപ്പെട്ടിരിക്കുന്നു. സാമ്രാജ്യത്വ സമ്പദ് വ്യവസ്ഥയുമായി അത്യന്തം ഉദ്ഗ്രഥിക്കപ്പെട്ടുകൊണ്ട്, ആഗോള കാർഷികവ്യവസായ കുത്തകകളുടെ ജൂനിയർ പങ്കാളികളെന്ന നിലയിൽ വളർന്ന് വന്ന ഈ വിഭാഗം കൃഷിഭൂമി, കാർഷികോൽപ്പന്നങ്ങൾ, അവയുടെ മൊത്തവ്യാപാരവും ചില്ലറവ്യാപാരവുമായി ബന്ധപ്പെട്ട സംഭരണവും വിപണനവുമടക്കം കാർഷികമേഖലയപ്പാടെ ആഗോള

മൂലധനത്തിന്റെ തീട്ടൂരങ്ങൾക്ക് അധീനപ്പെടുത്താൻ സൗകര്യം ചെയ്തുകൊടുക്കുന്നു.

4.6 കാർഷിക മേഖലയിലേക്കും അനുബന്ധ മേഖലകളിലേക്കും കോർപ്പറേറ്റ് മൂലധനം അതിവേഗം കടന്നുകയറുന്നത് ഇന്ത്യൻ കർഷകരുടെ അതിജീവനം ദുഷ്കരമാക്കിയിരിക്കുന്നു. ഇടത്തരം കർഷകരും താഴെയുള്ളവരും മാത്രമല്ല, കാർഷികവ്യാപാര ബഹുരാഷ്ട്ര കുത്തകകളോടും അവരുടെ ഇന്ത്യൻ പങ്കാളികളോടും മത്സരിക്കാൻ കഴിയാത്ത സമ്പന്നരായ കർഷകരെ പോലും ഇവരെ എതിർക്കാൻ നിർബന്ധിതരാക്കിയിരിക്കുന്നു. കാർഷിക മേഖലയിൽ ബഹുഭൂരിപക്ഷം വരുന്ന ഇടത്തരം, ദരിദ്ര, ഭൂരഹിത കർഷകരോടും കർഷകത്തൊഴിലാളികളോടും സമ്പന്നരായ കർഷകർക്ക് പലതരത്തിലുള്ള നിരവധി വൈരുദ്ധ്യങ്ങളുണ്ടെങ്കിലും, കോർപ്പറേറ്റ് ശക്തികൾ ഇന്ന് ഇന്ത്യൻ കാർഷികമേഖലയുടെ മുഖ്യ ശത്രുവായി മാറിയിരിക്കുന്നുവെന്ന് ചരിത്രപസിദ്ധമായ കർഷക പ്രക്ഷോഭം തെളിയിക്കുന്നു.

4.7 നവലിബറൽ കോർപ്പറേറ്റ് വൽക്കരണവും ആഗോള മൂലധനവുമായുള്ള ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന ഉദ്ഗ്രഥനവും കൃഷി, വ്യവസായം, വ്യാപാരം, സേവനങ്ങൾ തുടങ്ങിയ മേഖലകളിൽ സാമ്രാജ്യത്വ അനുശാസന പ്രകാരമുള്ള നയങ്ങൾ അടിച്ചേൽപ്പിച്ചതും ദേശീയ ബൂർഷ്വാ വിഭാഗങ്ങളും കോർപ്പറേറ്റ് മൂലധനവും തമ്മിലുള്ള വൈരുദ്ധ്യം ബഹുമുഖമായ രീതിയിൽ മുന്നോട്ട് കൊണ്ടുവന്നു. ആധിപത്യത്തിലിരിക്കുന്ന കോർപ്പറേറ്റ് – ഉദ്യോഗസ്ഥ – ബൂർഷ്വാ വർഗ്ഗവുമായി ഇഴചേർന്നതാണ് പൊതുവിൽ ദേശീയ ബൂർഷ്വാ വിഭാഗങ്ങളുടെ അസ്തിത്വമെങ്കിലും, തീവ്രതരമായിക്കൊണ്ടിരിക്കുന്ന കോർപ്പറേറ്റ് വൽക്കരണത്തിൻ കീഴിൽ ഇവർ തമ്മിലുള്ള വൈരുദ്ധ്യം വർദ്ധിച്ചു വരുന്ന പ്രവണതയായി മാറിയിരിക്കുന്നു. തൊഴിലാളി വർഗ്ഗത്തിന്റെയും കർഷകരുടെയും മറ്റ് മർദ്ദിത വിഭാഗങ്ങളുടേയും സമരങ്ങൾ വികസിക്കുമ്പോൾ, ദേശീയ ബൂർഷ്വാ സ്വഭാവമുള്ള വിഭാഗങ്ങൾ വിപ്ലവമുന്നേറ്റത്തോടൊപ്പം ഐക്യപ്പെടാനുള്ള സാധ്യത വർദ്ധിക്കും.

4.8 ഇടത്തരം കർഷകർ ഉൾപ്പെടെയുള്ള ചെറുകിട ബൂർഷ്വാസി അതിന്റെ വലിപ്പവും വർഗ്ഗ സ്വഭാവവും കാരണം വിപ്ലവത്തിന്റെ ആശ്രയയോഗ്യമായ സഖ്യകക്ഷിയാകാൻ സാധ്യതയുള്ള ഒരു പ്രധാന വർഗ്ഗമാണ് . ഇടതുപക്ഷത്തോടടുത്തു നിൽക്കുന്ന അതിന്റെ പ്രധാന ഭാഗമായ താഴ്ന്ന മധ്യവർഗം, കോർപ്പറേറ്റുവൽക്കരണം അനുദിനം തീവ്രമാക്കുന്ന പാപ്പരീകരണത്തെയും ദുരിതത്തെയും അഭിമുഖീകരിക്കുകയാണ് . തീവ്രവലതുപക്ഷ നയങ്ങളുടെ ഫലമായി, ഈ വിഭാഗത്തിലെ വലിയൊരു ഭാഗം പാപ്പരാക്കപ്പെടുകയും തൊഴിലാളികളുടെ അവസ്ഥയിലേക്ക് എത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. രാഷ്ട്രീയവൽക്കരണത്തിലൂടേയും ഉചിതമായ സംഘടനാ ഇടപെടലുകളിലൂടേയും വിപ്ലവ പാതയിലേക്ക് ഈ വർഗ്ഗത്തെ നേടിയെടുക്കാൻ കഴിയും.

4.9 ഭൂരഹിതരും ദരിദ്രകർഷകരും ദളിതരും ആദിവാസികളും മറ്റ് മർദ്ദിത വിഭാഗങ്ങളും ഉൾപ്പെടെയുള്ള കർഷകത്തൊഴിലാളികളാണ് യഥാർത്ഥത്തിൽ മണ്ണിൽ പണിയെടുക്കുന്നവർ. പ്രധാനമായും കൃഷിയിലും അനുബന്ധ

പ്രവർത്തനങ്ങളിലും ഒതുങ്ങിനിൽക്കുന്നവരും കൃഷി  ജീവിതോപാധിയയിട്ടുള്ളവരുമായ ഇവർ ജനസംഖ്യയുടെ പകുതിയോളം വരും. കാർഷിക മേഖലയിലെ കോർപ്പറേറ്റുവൽക്കരണവും കോർപ്പറേറ്റ് ഭൂമി കയ്യേറ്റവും കാരണം കൃഷിയിൽ നിന്നും ഗ്രാമങ്ങളിൽ നിന്നും കുടിയിറക്കപ്പെട്ടവർ നഗര കേന്ദ്രങ്ങളിലേക്ക് കുടിയേറാൻ നിർബന്ധിതരാവുകയും ചെയ്യുന്ന ഈ വിഭാഗം, ചേരി നിവാസികളുടെയും അനൗപചാരിക തൊഴിലാളികളുടെയും ഗണത്തിലേക്ക് ചേർന്നുകൊണ്ട് ഇന്ത്യൻ തൊഴിൽ സേനയിലെ ഏറ്റവും വലിയ വിഭാഗമായി മാറുകയും ചെയ്തിരിക്കുന്നു. അവരെ സംഘടിപ്പിക്കുന്നതിന് സമൂർത്തമായ രാഷ്ട്രീയ-സംഘടനാ ഇടപെടലുകൾ ആവശ്യമാണ്.

4.10 സാർവ്വദേശീയ തൊഴിലാളി വർഗ്ഗത്തിന്റെ ഏറ്റവും വലിയ വിഭാഗങ്ങളിലൊന്നായ ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ മഹാഭൂരിഭാഗവും അസംഘടിത/അനൗപചാരിക മേഖലകളിൽ നിന്നുള്ളവരാണ്. ഡിജിറ്റൈസേഷൻ ഉൾപ്പടെയുള്ള സാങ്കേതിക വിദ്യയുടെ വികാസം ഉപയോഗപ്പെടുത്തി അടിച്ചേൽപ്പിക്കുന്ന പുതിയ തൊഴിൽ വിഭജനം തൊഴിൽ മേഖലയിലെ അനൗപചാരികവൽക്കരണത്തിന് ആക്കം കൂട്ടുകയും സംഘടിത തൊഴിൽ മേഖലയിൽ താൽക്കാലിക തൊഴിലും കരാർ തൊഴിലും വ്യാപകമാക്കിക്കൊണ്ട് കൂടുതൽ കൂടുതൽ തൊഴിലാളികളെ കരാർ തൊഴിലാളികളാക്കി അസംഘടിത മേഖലയിലേക്ക് പുറംതള്ളിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയുടെ ജാതി വ്യവസ്ഥയും വൈവിധ്യങ്ങളും അസമാനതകളും തൊഴിലാളിവർഗ ഐക്യം തകർക്കാൻ ഭരണകൂടം ഫലപ്രദമായി ഉപയോഗപ്പെടുത്തി വരുന്നു.

4.11 ഇന്ത്യൻ തൊഴിലാളി വർഗത്തെ രാഷ്ട്രീയവൽക്കരിക്കുകയും അണിനിരത്തുകയും വിപ്ലവത്തിന്റെ നേതൃശക്തിയായി രൂപാന്തരപ്പെടുത്തുകയും ചെയ്യുകയെന്നത് കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയാധികാരം പിടിച്ചെടുക്കാനുള്ള മുന്നേറ്റത്തിലെ ഏറ്റവും പ്രധാനമായ ദൗത്യമാണ്. തൊഴിലാളി - കർഷക സഖ്യത്തിലൂന്നി, ചാഞ്ചാട്ട സ്വഭാവം കാണിക്കുന്ന മധ്യവർഗ്ഗവുമായും ദേശീയ ബുർഷ്വാസിയുമായും ഐക്യപ്പെട്ട് ജനകീയ ജനാധിപത്യ മുന്നണി കെട്ടിപ്പടുക്കുകയെന്നതാണ് ഇതിന്റെ ആദ്യ ചുവടുവെപ്പ്. നിലവിലുള്ള പിന്തിരിപ്പൻ ഭരണകൂടത്തിന് പകരം ജനകീയ ജനാധിപത്യ ഭരണകൂടം സ്ഥാപിക്കുന്നതിനും ജനകീയ ജനാധിപത്യ കടമകൾ പൂർത്തീകരിക്കുന്നതിനും സോഷ്യലിസത്തിലേക്ക് മുന്നേറുന്നതിനും വഴിയൊരുക്കുകയെന്നതാണ് സത്തയിൽ ഇന്ത്യൻ വിപ്ലവത്തിന്റെ ഘട്ടവും പാതയും.

4.12 ഈ പരിപ്രേക്ഷ്യത്തിൽ നിന്നാണ് ഇന്ത്യയിലെ പ്രധാന വൈരുദ്ധ്യങ്ങൾ വിലയിരുത്തപ്പെടേണ്ടത്. ഇന്നത്തെ പ്രധാന വൈരുദ്ധ്യങ്ങൾ ഇവയാണ്:

*നവലിബറൽ സാമ്രാജ്യത്വവും ജനങ്ങളും തമ്മിലുള്ള വൈരുദ്ധ്യം;*

*മൂലധനവും അധ്വാനവും തമ്മിലുള്ള വൈരുദ്ധ്യം;*

*മൂലധനവും പ്രകൃതിയും തമ്മിലുള്ള വൈരുദ്ധ്യം;*

*കോർപ്പറേറ്റ് – വൻകിട ഭൂവുടമ വർഗ്ഗങ്ങളും വിശാല കർഷക ജനസാമാന്യവും തമ്മിലുള്ള വൈരുദ്ധ്യം;*

*ഭരണവർഗങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം.*

*ഇതിൽ സാമ്രാജ്യത്വ-കോർപ്പറേറ്റ്-ഉദ്യോഗസ്ഥ-ബൂർഷ്വാ-ഭൂപ്രഭു വർഗ്ഗ സഖ്യം ഒരു വശത്തും വിശാല ജനവിഭാഗങ്ങൾ മറുവശത്തുമുള്ള വൈരുദ്ധ്യമാണ് മുഖ്യ വൈരുദ്ധ്യം.*

4.13 മുഖ്യ വൈരുദ്ധ്യത്തിന്റെ പരിഹാരം മറ്റ് ശത്രുതാപരമായ വൈരുദ്ധ്യങ്ങളുടെ പരിഹാരവുമായി വൈരുദ്ധ്യാത്മകമായി ബന്ധപ്പെട്ടിരിക്കുന്നു. നവഫാസിസ്റ്റ് പശ്ചാത്തലത്തിൽ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ തൊഴിലാളിവർഗവും കർഷകരും ചൂഷിതരും മർദ്ദിതരുമായ എല്ലാ ജനവിഭാഗങ്ങളുമടങ്ങുന്ന  ഫാസിസ്റ്റ് വിരുദ്ധ ജനകീയ മുന്നണിക്ക് ഭരണവർഗങ്ങളിലെ വിവിധ വിഭാഗങ്ങൾക്കിടയിലെ വൈരുദ്ധ്യങ്ങളെ അടവുപരമായി പ്രയോജനപ്പെടുത്തി രാഷ്ട്രീയ അധികാരം പിടിച്ചെടുക്കുന്ന ദിശയിൽ മുന്നേറാൻ കഴിയണം. തൊഴിലാളി വർഗ്ഗത്തിന്റെ രാജ്യവ്യാപക പ്രക്ഷോഭങ്ങളെ കാർഷിക വിപ്ലവ സമരങ്ങളുമായി ബന്ധിപ്പിക്കുകയും മറ്റെല്ലാ രൂപങ്ങളിലുമുള്ള സമരങ്ങളെ അതുമായി ബന്ധപ്പെടുത്തി, സമൂർത്ത സാഹചര്യങ്ങൾക്കനുസൃതമായി കാർഷിക വിപ്ലവ കടമകൾ പൂർത്തീകരിക്കുക എന്നതാണർത്ഥം. വിപ്ലവ ബഹുജന പാത ഉയർത്തിപ്പിടിച്ച്, എല്ലാ സമര രൂപങ്ങളേയും സംഘടനകളേയും ഉപയോഗപ്പെടുത്തിയും ഇന്ത്യൻ ഭരണകൂടത്തെ തൂത്തെറിയുന്നതിനും രാഷ്ട്രീയ അധികാരം പിടിച്ചെടുക്കുന്നതിനുമായി രാജ്യവ്യാപക ജനകീയ പ്രക്ഷോഭത്തിന് തൊഴിലാളിവർഗത്തെയും എല്ലാ വിപ്ലവ വർഗങ്ങളെയും വിഭാഗങ്ങളെയും അണിനിരത്താൻ പാർട്ടി മുൻകൈയെടുക്കണം.

# അധ്യായം 5
# ജനകീയ ജനാധിപത്യ പരിപാടി

5.1 വിവിധ ദേശീയതകളെ പ്രതിനിധീകരിക്കുന്ന സംസ്ഥാനങ്ങളുടെ ഒരു യൂണിയനായിരിക്കും ജനകീയ ജനാധിപത്യ ഭരണാകൂടം. അവയുടെ ഭാഷാപരവും വംശപരവും സാംസ്കാരികവുമായ അവകാശങ്ങളും അഭിലാഷങ്ങളും ഉയർത്തിപ്പിടിക്കുന്ന ഫെഡറൽ തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു ഭരണഘടനയാലത് വ്യതിരിക്തമാക്കപ്പെടും. എല്ലാ തലങ്ങളിലുമുള്ള ജനകീയ കമ്മറ്റികളിൽ നിന്ന് തൊഴിലാളികളേയും കർഷകരേയും മർദ്ദിത ജനതയേയും ജനാധിപത്യ വിഭാഗങ്ങളേയും പ്രതിനിധീകരിക്കുന്ന, സാർവ്വത്രിക വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണഘടന അസംബ്ലിയായിരിക്കും അത്തരമൊരു ഭരനഘടന തയ്യാറാക്കുക. അത് ജനങ്ങൾക്കും എല്ലാ ജനാധിപത്യ സംഘടനകൾക്കും അവരുടെ വീക്ഷണങ്ങൾ പ്രകടിപ്പിക്കുന്നതിനും അവരുടെ അവകാശങ്ങൾക്കായി സംഘടിക്കുന്നതിനും ജനാധിപത്യ രാഷ്ട്രീയ പ്രക്രിയയിൽ പങ്കെടുക്കുന്നതിനുമടക്കമുള്ള എല്ലാ ജനാധിപത്യാവകാശങ്ങളും ഉറപ്പ് വരുത്തും.

5.2 പ്രാദേശിക തലം മുതൽ ദേശീയ തലം വരെയുള്ള എല്ലാ തലങ്ങളിലും വിപ്ലവ സമരങ്ങളിൽ നിന്ന് ഉയർന്നുവരുന്ന തൊഴിലാളികളുടെയും കർഷകരുടെയും മർദ്ദിത ജനവിഭാഗങ്ങളുടെയും വിവിധ കമ്മിറ്റികൾക്ക് അധികാരം കൈമാറിക്കൊണ്ട്, എല്ലാ അധികാരങ്ങളും ജനങ്ങൾക്ക് എന്ന തത്വത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും അത്തരമൊരു ഭരണഘടന. എല്ലാ തലങ്ങളിലുമുള്ള തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ അവരുടെ ഉത്തരവാദിത്വം നിറവേറ്റും വിധം അവരെ തിരിച്ച് വിളിക്കാനുള്ള ജനങ്ങൾക്കുള്ള അധികാരം അത് പ്രധാനം ചെയ്യുകയും ഭരണനിർവ്വഹണവും നിയമനിർമ്മാണവും തമ്മിലുള്ള അധികാര വിഭജനം ഇല്ലാതാക്കുകയും ചെയ്യും. നീതിന്യായ-ഭരണ നിർവ്വഹണ മേഖലകളിലുൾപ്പടെ എല്ലാ തലങ്ങളിലുമുള്ള ഉദ്യോഗസ്ഥർ ജനങ്ങളുടെ നിയന്ത്രണത്തിനും മേൽനോട്ടത്തിനും വിധേയമായി തിരഞ്ഞെടുക്കപ്പെടും.

5.3 യൂണിയന്റെ പ്രസിഡണ്ടിനെ യൂണിയന്റേയും സംസ്ഥാനങ്ങളുടേയും തലങ്ങളിലെ ജനകീയ കോൺഗ്രസ്സുകൾ തെരഞ്ഞെടുക്കുകയും പ്രസിഡണ്ട് ജനകീയ കോൺഗ്രസ്സുകളുടെ നയങ്ങൾക്കും നിയമങ്ങൾക്കുമനുസൃതമായി പ്രവർത്തിക്കുകയും ചെയ്യും. ജനകീയ ജനാധിപത്യ ഭരണകൂടത്തിന് ഉത്പാദനവും ജനകീയ താല്പര്യങ്ങളെ സേവിക്കുന്നതുമായും ബന്ധപ്പെട്ട് നിൽക്കുന്ന ഒരു ജനകീയ സൈന്യം ഉണ്ടായിരിക്കും. നിലവിലെ ഭരണ വ്യവസ്ഥയിലെ പോലീസിനും സുരക്ഷാ സേനക്ക്കും പകരം പ്രാദേശികാധികാരത്തിനു കീഴിൽ ജനങ്ങളുടെ അധികാര ശാക്തീകരണം ലക്ഷ്യം വെച്ചുകൊണ്ടുള്ള ജനകീയ സേനയുണ്ടാകും.

5.4 ബഹുരാഷ്ട്ര കുത്തകകളും കോർപ്പറേറ്റ് ശക്തികളും കയ്യടക്കിയിട്ടുള്ള എല്ലാ സാമ്രാജ്യത്വ കോർപ്പറേറ്റ് മൂലധനവും ഭൂമിയും സ്വത്തുക്കളും ജനകീയ ജനാധിപത്യ ഭരണകൂടം കണ്ട് കെട്ടും. സോഷ്യലിസത്തിലേക്കുള്ള പരിവർത്തനം സുഗമമാക്കുന്നതിന് എല്ലാ തലങ്ങളിലുമുള്ള സഹകരണ, പൊതുമേഖലകളുടെ വികസനവും എല്ലാ ഉൽപാദന ഉപാധികളുടെയും സാമൂഹിക ഉടമസ്ഥതയും അത് ഉറപ്പാക്കും.

5.5 ജനകീയ ജനാധിപത്യ ഭരണകൂടം സാമ്രാജ്യത്വ രാജ്യങ്ങൾക്കുള്ള കടങ്ങൾ അസാധുവാക്കുകയും ജനകീയ താല്പര്യങ്ങൾക്കു വിരുദ്ധമായ, എല്ലാ വിദേശകടങ്ങളും സാമ്രജ്യത്വ രാജ്യങ്ങളും ഏജന്റുകളുമായുള്ള എല്ലാ അസമത്വ ഉടമ്പടികളും കരാറുകളും റദ്ദാക്കുകയും ചെയ്യും. ഐഎംഎഫ്, ലോക ബാങ്ക്, ലോക വ്യാപാര സംഘടന തുടങ്ങിയ നവകൊളോണിയൽ സ്ഥാപനങ്ങളിൽ നിന്ന് അത് പിൻവാങ്ങുകയും എല്ലാ ഊഹമൂലധന, സാമ്രാജ്യത്വ ധനസഹായ പ്രവർത്തനങ്ങളും അവസാനിപ്പിക്കുകയും ചെയ്യും. സമത്വത്തിലും സൗഹാർദ്ദത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ സാർവ്വദേശീയ ബന്ധങ്ങൾക്കായി അത് പരിശ്രമിക്കുകയും എല്ലാ തരത്തിലുമുള്ള സാമ്രാജ്യത്വ ചൂഷണത്തിൽ നിന്നും ഇടപെടലിൽ നിന്നും ഭീഷണിപ്പെടുത്തലിൽ നിന്നും രാജ്യത്തെ മോചിപ്പിക്കുകയും ചെയ്യും.

5. 6 സാമ്രാജ്യത്വത്തിന്റെ ഇന്ത്യൻ ജൂനിയർ പങ്കാളികളുടെയും ഉദ്യോഗസ്ഥമേധാവിത്ത ബൂർഷ്വാ വർഗത്തിന്റെയും കോർപ്പറേറ്റ് ചങ്ങാത്ത മുതലാളിമാരുടെയും എല്ലാ സംരംഭങ്ങളും സ്വത്തുക്കളും എല്ലാ തരം ഭൂവുടമകളുടേയും ഭൂമിയും കണ്ടുകെട്ടുകയും അവ സാമൂഹ്യ നിയന്ത്രണത്തിൽ കൊണ്ട് വരികയും ചെയ്യും. ഇന്നത്തെ കോർപ്പറേറ്റ് മൂലധന ജീർണ്ണതയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന, ഉൽപ്പാദനത്തെ അപേക്ഷിച്ച് ഊഹമേഖലകളുടെ വർണ്ണശബളമായ വളർച്ചയുടെ ബഹുമുഖമാനങ്ങളിലുള്ള ആഘാതം കണക്കിലെടുത്ത്, അത് തുടച്ചുനീക്കുന്നതിന് ജനകീയ ജനാധിപത്യ ഭരണകൂടം ഉചിതമായ നടപടികൾ കൈക്കൊള്ളും. അഴിമതിക്കും മാഫിയ പ്രവർത്തനങ്ങൾക്കുമുള്ള എല്ലാ വഴികളും അടിമുടി വേരോടെ പിഴുതെറിയും. അഴിമതിക്കാർ വിദേശ നികുതി വെട്ടിപ്പ് കേന്ദ്രങ്ങളിൽ ഒളിപ്പിച്ച് വെച്ചിരിക്കുന്ന പണം തിരികെ കൊണ്ട് വരും. മഠങ്ങളിലും മതസ്ഥാപനങ്ങളിലും കയ്യടക്കി വെച്ചിരിക്കുന്ന കണക്കിൽ പെടാത്ത സമ്പത്ത് കണ്ട് കെട്ടും. സാമ്പത്തിക കുറ്റവാളികളെ നിയമപ്രകാരം നേരിടും.

5.7 കൃഷിയുടെ എല്ലാ തരത്തിലുമുള്ള കോർപ്പറേറ്റ് വൽക്കരണവും ഉടനടി നിർത്തലാക്കും. 'കൃഷിഭൂമി മണ്ണിൽ പണിയെടുക്കുന്നവർക്ക്' എന്നതിന്റെയടിസ്ഥാനത്തിൽ വിപ്ലവകരമായ ഭൂപരിഷ്കരണം നടപ്പാക്കും. കാർഷിക മേഖലയിലുള്ള എല്ലാ മുതലാളിത്ത പൂർവ്വ-ബന്ധങ്ങളും ഇല്ലാതാക്കും. നാടൻ-വിദേശ കോർപ്പറേറ്റുകളുടെ ഉടമസ്ഥതയിലുള്ള തോട്ടങ്ങളും കൃഷിയിടങ്ങളും ഏറ്റെടുക്കുകയും പൊതു/സഹകരണ ഉടമസ്ഥതയിൽ കൊണ്ടുവരികയും സമൂർത്ത സാഹചര്യങ്ങൾക്കനുസൃതമായി കൃഷി ചെയ്യുകയും ചെയ്യും. കാർഷിക മേഖലയിൽ നിലനിൽക്കുന്ന എല്ലാ തരം

അടിമവേലയും വട്ടിപ്പലിശയും ഇടനിലപ്രവർത്തനവും നിർമ്മാർജ്ജനം ചെയ്യും. ജൈവ-പാരിസ്ഥിതിക സംരക്ഷണത്തിന്റെ പരിപ്രേക്ഷ്യത്തോടേയും മറ്റു മേഖലകളുമായി അനുയോജ്യമായ തരത്തിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള സ്വയം പര്യാപ്തതയും ദേശീയ ഭക്ഷ്യ സുരക്ഷയും ഉറപ്പാക്കും വിധം കാർഷിക മേഖല വികസിപ്പിക്കും.

5.8 എല്ലാ മേഖലകളിലും ക്രമാനുഗതമായി ആഴ്ചയിൽ അഞ്ച് ദിവസം, ആറ് മണിക്കൂർ പ്രവൃത്തി ദിനം നടപ്പാക്കും. ആവശ്യത്തെ അടിസ്ഥാനപ്പെടുത്തിയുള്ള കുറഞ്ഞ വേതനം പുനർനിർവ്വചിക്കുകയും അത് നടപ്പാക്കുകയും ചെയ്യും. എല്ലാവർക്കും തൊഴിൽ ഉറപ്പാക്കുകയും അനിച്ഛാപൂർവ്വമായി തൊഴിലെടുക്കാനാകാത്ത എല്ലാവർക്കും കുറഞ്ഞ വേതനം ഉറപ്പാക്കുകയും ചെയ്യും. എല്ലാ തരത്തിലുമുള്ള കരാർ തൊഴിലും അടിമവേലയും അവസാനിപ്പിക്കും. തൊഴിലാളി വർഗ്ഗത്തിന്റെ ജനാധിപത്യാവകാശമെന്ന നിലയിൽ സംഘടിക്കാനും കൂട്ടായി വിലപേശാനും സമരം ചെയ്യാനുമുള്ള അവകാശം ഉറപ്പാക്കും.

5.9 സമഗ്രമായ ദേശീയ വ്യവസായ നയം നടപ്പാക്കും. വൻകിട, ഇടത്തരം, ചെറുകിട വ്യവസായങ്ങൾക്കിടയിലും നഗര-ഗ്രാമ പ്രദേശങ്ങൾക്കിടയിലും ആരോഗ്യകരവും സന്തുലിതവുമായ ബന്ധം വികസിപ്പിക്കുകയും രാജ്യവ്യാപകമായ വികസനത്തിലെ അസമത്വം ഒഴിവാക്കുകയും ചെയ്യും. തദ്ദേശീയ ശാസ്ത്ര ഗവേഷണങ്ങളേയും സാങ്കേതിക വിദ്യകളെ വിദേശാസ്രിതത്വത്തിൽ നിന്ന് മുക്തമാകുന്ന വികാസങ്ങളേയും പ്രോൽസാഹിപ്പിക്കും. കൃഷിയേയും വ്യവസായത്തേയും അനുയോജ്യമായ തരത്തിൽ ബന്ധിപ്പിച്ചുകൊണ്ട് ബാങ്കിങ്ങ്, ഇൻഷുറൻസ്, വായ്പാ സ്ഥാപനങ്ങൾ എന്നിവയടക്കമുള്ള സേവന മേഖലകൾ വികസിപ്പിക്കുകയും എല്ലാ തരം ഊഹക്കച്ചവടങ്ങളും തടയുകയും ചെയ്യും. ജനങ്ങളുടേയും രാജ്യത്തിന്റേയും മൊത്തത്തിലുള്ള താല്പര്യങ്ങൾ പരിഗണിച്ച് അടിസ്ഥാനം സൗകര്യ പദ്ധതികൾ വികസിപ്പിക്കും.

5.10 സാർവത്രിക പൊതുവിതരണ സംവിധാനം, എല്ലാവർക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ, പാർപ്പിടം, തൊഴിൽ എന്നിവ ഉറപ്പാക്കും. സമഗ്രമയാ കായിക നയം വികസിപ്പിച്ച് ജനങ്ങളുടെ പങ്കാളിത്തത്തോടെ അത് നടപ്പാക്കുകയും ചെയ്യും. മുതലാളിത്ത പാതയിലേക്കുള്ള സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ അധഃപതനത്തിന്റെ ഇതുവരെയുള്ള അനുഭവ പാഠങ്ങളുടെ അടിസ്ഥാനത്തിൽ, സാമൂഹിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് സംസ്കാരത്തെയും ചിന്താരീതിയെയും വിപ്ലവകരമായി മാറ്റിത്തീർക്കുന്നതിനു വേണ്ടിയുള്ള സമരം വിപ്ലവ പൂർവ്വ കാലഘട്ടത്തിൽ തന്നെ ഏറ്റെടുക്കുകയും തൊഴിലാളിവർഗ്ഗ ജനാധിപത്യത്തിന് കീഴിൽ അത് വികസിപ്പിക്കുകയും ചെയ്യും.

5.11 എല്ലാ മാരണ നിയമങ്ങളും റദ്ദാക്കും. ഭരണത്തിന്റേയും സമൂഹത്തിന്റേയും എല്ലാ തലങ്ങളിലും ജനാധിപത്യവൽക്കരണം ഉറപ്പാക്കും. പൊതു നന്മക്ക് വിധേയമായി ജനങ്ങളുടെ സ്വകാര്യത ഉറപ്പ് വരുത്തും. വധശിക്ഷ നിയമവ്യവസ്ഥയിൽ നിന്ന് ഒഴിവാക്കും.

5.12 മനുഷ്യത്വരഹിതമായ ജാതി വ്യവസ്ഥയെ ഉന്മൂലനം ചെയ്യുന്നതിനായി ജനകീയ ജനാധിപത്യ ഭരണകൂടം ശക്തമായ നടപടികൾ കൈകൊള്ളും. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിൽ നിന്നും എല്ലാ തരം തൊട്ടുകൂടായ്മയും ജാതി അടിച്ചമർത്തലും ജാതി വിവേചനങ്ങളും നിർമ്മാർജ്ജനം ചെയ്യും. എല്ലാ ജാതി ആചാരങ്ങളേയും പിന്തിരിപ്പൻ സ്ഥാപനങ്ങളേയും അമർച്ച ചെയ്യുകയും അത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ കർശന ശിക്ഷക്ക് വിധേയമാക്കുകയും ചെയ്യും. എല്ലാ ജാതി വിവേചനങ്ങളും തുടച്ചുനീക്കുന്നതുവരെ ജാതി അടിസ്ഥാനത്തിലുള്ള സംവരണം ഉറപ്പാക്കുകയും ഉചിതമായ ഭരണപരവും സാംസ്കാരികവുമായ ഇടപെടലുകൾക്കൊപ്പം ദളിത് ജനവിഭാഗങ്ങളുടെയും മർദ്ദിത ജാതി വിഭാഗങ്ങളുടെയും ഉന്നമനത്തിനുതകുന്ന ദൃഢമായ നടപടികളെടുക്കുകയും 'ഭൂമി മണ്ണിൽ പണിയെടുക്കുന്നവർക്ക്' എന്ന തത്വത്തെ അടിസ്ഥാനമാക്കിയുള്ള ഭൂവിതരണത്തിൽ അവർക്ക് മുൻഗണന നൽകുകയും ചെയ്യും.

5.13 എല്ലാത്തരം ലിംഗ വിവേചനങ്ങളും നിർത്തലാക്കും. പുരുഷാധിപത്യവും അതിന്റെ എല്ലാ തരത്തിലുമുള്ള പ്രകടനങ്ങളും നിർത്തലാക്കുകയും സ്ത്രീകൾക്ക് മേലുള്ള എല്ലാ തരം ജാതി-മത മർദ്ദനങ്ങളും അവസാനിപ്പിക്കുകയും ചെയ്യും. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള എല്ലാ തരം വിവേചനങ്ങളും ആക്രമണങ്ങളും അവസാനിപ്പിക്കും. എല്ലാ മേഖലകളിലും സ്ത്രീയ്ക്ക് സമത്വവും സ്വത്തവകാശവും, തുല്യ ജോലിക്ക് തുല്യ വേതനവും ഉറപ്പാക്കും. ലിംഗ സൗഹാർദ്ദപരമായ തൊഴിൽ സാഹചര്യത്തിലും സ്ത്രീ സവിശേഷതകളോടെയും സാമൂഹ്യമായി ഉല്പാദനപരമായ തൊഴിലിൽ ഏർപ്പെടാൻ എല്ലാ സ്ത്രീകൾക്കും അവസരമുണ്ടാക്കും. പുരുഷാധിപത്യ, ജാതി-മതാധിഷ്ഠിത കുടുംബ വ്യവസ്ഥയുടെ സ്ഥാനത്ത്, ലിംഗ ഭേദമന്യേ പരസ്പര സ്നേഹത്തിന്റേയും ബഹുമാനത്തിന്റേയും സമ്മതത്തിന്റേയും അടിസ്ഥാനത്തിലുള്ള പങ്കാളികളുടെ ദാമ്പത്യ ജീവിതം ജനാധിപത്യം ഭരണകൂടം ഉറപ്പ് വരുത്തും.

5.14 സ്ത്രീ/പുരുഷ സ്വവർഗ്ഗ, ഉഭയലിംഗ, ഭിന്നലിംഗ, വിലക്ഷണ, മിശ്രലൈംഗിക, അലൈംഗിക വിഭാഗങ്ങളുൾപ്പടെയുള്ള (Lesbian, Gay, Bisexual, Transgender, Queer, Intersexual, Asexual +) വിവിധ ലിംഗ വിഭാഗങ്ങളും ലൈംഗിക ന്യൂനപക്ഷങ്ങളും അനുഭവിക്കുന്ന ചൂഷണത്തിന്റേയും മർദ്ദനത്തിന്റേയും പാർശ്വവൽക്കരണത്തിന്റേയും പാശ്ചാത്തലത്തിൽ എൽജിബിടിക്യുഐഎ+ (LGBTQIA+) എന്ന വിശാല വിഭാഗത്തിനു കീഴിൽ വരുന്ന മൊത്തം ജനവിഭാഗങ്ങളുടേയും സംരക്ഷണത്തിനും അവകാശങ്ങൾക്കും വേണ്ടിയുള്ള ഉചിതമായ നടപടികൾ ജനകീയ ജനാധിപത്യം ഭരണകൂടം കൈകൊള്ളും.

5.15 എല്ലാ കുട്ടികളുടെയും സംരക്ഷണം ഉറപ്പ് വരുത്തും. കുട്ടികളുടെ മാനസികവും ശാരീരികവുമായ വിദ്യാഭ്യാസവും ആരോഗ്യപരിരക്ഷയും ഉറപ്പ് വരുത്തുകയും ബാലവേല ഉൾപ്പടെയുള്ള എല്ലാത്തരം ചൂഷണങ്ങളും ഇല്ലാതാക്കുകയും ചെയ്യും. മുതിർന്ന പൗരന്മാരുടെ സംരക്ഷണം എല്ലാ പരിഗണനകളോടേയും ഉറപ്പാക്കും.

5.16 എല്ലാ ദേശീയതകൾക്കും സ്വയം നിർണ്ണയാവകാശം ഉറപ്പാക്കും. ഫെഡറൽ തത്വങ്ങളുടെ അടിസ്ഥാനത്തിലും ബലപ്രയോഗത്തിനു പകരം വിവിധ ദേശീയ ജനവിഭാഗങ്ങളുടെ പൊതുസമ്മിതിയാലും എല്ലാ ദേശീയതാ ജനവിഭാഗങ്ങളുടേയും ഐക്യത്തിനായി ജനകീയ ജനാധിപത്യം റിപ്പബ്ലിക്ക് പരിശ്രമിക്കും. എല്ലാ ദേശീയതകളുടേയും സ്വയം നിർണ്ണയാവകാശത്തിന്റെ അടിസ്ഥാനത്തിൽ ജമ്മു-കാശ്മീർ, വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കും. സംസ്ഥാനങ്ങളുടെ ഐക്യനാട്ടിലെ എല്ലാ ഭാഷകൾക്കും സംസ്കാരങ്ങൾക്കും തുല്യപരിഗണനയോടൊപ്പം ജനങ്ങളുടെ മൗലികാവകാശമെന്ന നിലയിൽ മാതൃഭാഷയിലുള്ള വിദ്യാഭ്യാസം ഉറപ്പാക്കും.

5.17 ആദിവാസികൾക്കു മേലുള്ള എല്ലാത്തരം ചൂഷണവും അടിച്ചമർത്തലും നിർത്തലാക്കും. പ്രകൃതി വിഭവങ്ങളിന്മേലുള്ള അവരുടെ അവകാശം സംരക്ഷിക്കും. വികസന പദ്ധതികളുടെ പേരിൽ അവരെ കുടിയൊഴിപ്പിക്കുന്നത് അവസാനിപ്പിക്കും. ആവശ്യമുള്ളയിടങ്ങളിലെല്ലാം പൂർണ്ണാധികാരങ്ങളോടേയും ജനാധിപത്യാവകാശങ്ങളോടേയുമുള്ള ആദിവാസികളുടെ സ്വയംഭരണാധികാര സഭകൾ സ്ഥാപിക്കും.

5.18 രാഷ്ട്ര ഘടനയിൽ യഥാർത്ഥ മതേതര സ്വഭാവം ഉറപ്പാക്കും. മതത്തിന്റെ അടിസ്ഥാനത്തിലുള്ള എല്ലാ വിവേചനങ്ങളും ഇല്ലാതാക്കുകയും മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കുകയും ചെയ്യും. സമൂഹത്തെ വർഗ്ഗീയവൽക്കരിക്കാനുള്ള മതമൗലികവാദ ശക്തികളുടെ എല്ലാ ശ്രമങ്ങളേയും തടയും. വിദ്യാഭ്യാസമേഖല, ആരോഗ്യമേഖല തുടങ്ങിയ പൊതുമണ്ഡലങ്ങളിലേക്ക് മതസ്ഥാപനങ്ങൾ പ്രവേശിക്കുന്നത് തടയും. മതം വ്യക്തികളുടെ സ്വകാര്യ വ്യവഹാരമായി കൈകാര്യം ചെയ്യപ്പെടും. മതത്തെ ഭരണകൂടത്തിൽ നിന്ന് വേർപ്പെടുത്തുന്ന മതേതര തത്വം ജനകീയ ജനാധിപത്യ ഭരണകൂടം കർശനമായി നടപ്പിലാക്കും.

5.19 ജനകീയ ജനാധിപത്യ ഭരണകൂടം പ്രകൃതിയുമായി ഇണങ്ങുന്ന ഒരു വികസന പരിപ്രേക്ഷ്യം ഉറപ്പാക്കും. കോർപ്പറേറ്റ് മൂലധനം ഭൂമിയുടെ ആവാസ വ്യവസ്ഥയിന്മേൽ ഇതിനകം വരുത്തിക്കഴിഞ്ഞ അളവറ്റ ദ്രോഹത്തിന്റെ പാശ്ചാത്തലത്തിൽ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനും പാരിസ്ഥിതിക ദുരന്തം ഒഴിവാക്കുന്നതിനുമായി സമൂർത്തമായ രൂപരേഖ ആവിഷ്കരിക്കും. ജനപക്ഷ, പ്രകൃതി സൗഹൃദ സുസ്ഥിര വികസന മാതൃകക്കായി അത് പ്രയത്നിക്കും.

5.20 എല്ലാവർക്കും പ്രാപ്യമായ മതേതര, ലിംഗസൗഹൃദ, ജനാധിപത്യ, ശാസ്ത്രീയ വിദ്യാഭ്യാസം നടപ്പിലാക്കും. വിദ്യാഭ്യാസത്തെ കോർപ്പറേറ്റ് വൽക്കരിക്കുന്നതിനും കാവിവൽക്കരിക്കുന്നതിനും വേണ്ടി നടത്തിയ എല്ലാ കാവി-കോർപ്പറേറ്റ് നീക്കങ്ങളേയും ഉടനടി നീക്കം ചെയ്യും. എല്ലാ കുട്ടികൾക്കും അവരുടെ മാതൃഭാഷകളിൽ സാർവത്രികവും സൗജന്യവും ഏകീകൃതവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുകയും എല്ലാവർക്കും ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നത് ജനകീയ ജനാധിപത്യ ഭരണകൂടത്തിന്റെ കടമയാണ്. എല്ലാ ഉപരിവർഗ്ഗ വിദ്യാഭ്യാസ സ്ഥാപനങ്ങളും ജാതി-മത ശക്തികളാൽ നിയന്ത്രിക്കപ്പെടുന്ന വിദ്യാഭ്യാസ

സ്ഥാപനങ്ങളും നിർത്തലാക്കുകയും വിദ്യാഭ്യാസ രംഗത്തെ എല്ലാ വിവേചനങ്ങളും അവസാനിപ്പിക്കുകയും ചെയ്യും.

5.21 ഫ്യൂഡൽ, സാമ്രാജ്യത്വ സാംസ്കാരിക മൂല്യങ്ങളുടെ സ്വാധീനത്തിനെതിരെ പോരാടിക്കൊണ്ട് ജനങ്ങളുടെ ജനാധിപത്യപരവും ലിംഗസൗഹൃദപരവുമായ സംസ്കാരം വികസിപ്പിക്കും. എല്ലാ മേഖലകളിലും ശാസ്ത്രീയ കാഴ്ചപ്പാട് പ്രോത്സാഹിപ്പിക്കും. സാമ്രാജ്യത്വവും അതിന്റെ പിണിയാളുകളും സാംസ്കാരിക ഉപരിഘടനയിലെ തങ്ങളുടെ സ്വാധീനം ഉപയോഗിച്ച് ജനങ്ങളെ തങ്ങളുടെ കൊള്ളയ്ക്കും ആധിപത്യത്തിനും വിധേയമാക്കുന്നതിനാൽ, മുൻ സോഷ്യലിസ്റ്റ് രാജ്യങ്ങളിലെല്ലാം മുതലാളിത്ത, മുതലാളിത്ത പൂർവ്വ മൂല്യങ്ങൾ പുനഃസ്ഥാപിച്ച സാഹചര്യത്തിൽ മുൻ സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ ഇതുവരെയുള്ള അനുഭവത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സാംസ്കാരിക വിപ്ലവത്തിന്റെ പ്രസക്തിക്ക്, ഒരു തുടർപ്രക്രിയ എന്ന നിലയിൽ, വലിയ പ്രാധാന്യം നൽകും.

5.22 സമത്വത്തിന്റെയും സമാധാനപരമായ സഹവർത്തിത്വത്തിന്റെയും അടിസ്ഥാനത്തിൽ അയൽരാജ്യങ്ങളുമായി എല്ലാ മേഖലകളിലും സൗഹൃദബന്ധം സ്ഥാപിക്കും. എല്ലാ അതിർത്തി തർക്കങ്ങളും സൗഹാർദ്ദപരമായ ചർച്ചകളിലൂടെ പരിഹരിക്കും.

5.23 തൊഴിലാളിവർഗ സാർവ്വദേശീയത ഉയർത്തിപ്പിടിക്കും. സാർവ്വദേശീയ തലത്തിൽ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടികളുടെ ഐക്യത്തിനായി പരിശ്രമിക്കും. ലോകമെമ്പാടുമുള്ള പുരോഗമന, സാമ്രാജ്യത്വ വിരുദ്ധ ശക്തികളോട് ഐക്യപ്പെടുകയും സാമ്രാജ്യത്വത്തിനെതിരെ, പ്രത്യേകിച്ച് അമേരിക്കൻ സാമ്രാജ്യത്വത്തിനും അതിന്റെ പിണിയാളുകൾക്കുമെതിരെ, വിപ്ലവശക്തികളുമായി സാഹോദര്യബന്ധം സ്ഥാപിക്കാൻ പരിശ്രമിക്കുകയും ചെയ്യും. എല്ലായിടത്തും നാശം വിതക്കുന്ന അമേരിക്കൻ നേതൃത്വത്തിലുള്ള കടന്നാക്രമണങ്ങൾക്കും കിരാതമായ ആധിപത്യ നീക്കങ്ങൾക്കുമെതിരെ സജീവമായി പോരാടും.

5.24 ജനാധിപത്യത്തിനും സോഷ്യലിസത്തിനും വേണ്ടിയുള്ള പോരാട്ടത്തിൽ ലോകമെമ്പാടുമുള്ള ജനങ്ങളോട് ഐക്യപ്പെടും. നവകൊളോണിയൽ കൊള്ളയും ആധിപത്യവും തീവ്രമാക്കുന്നതിനുള്ള ഉപകരണങ്ങളായി രണ്ടാം ലോകയുദ്ധാനന്തര കാലത്ത് ഐക്യരാഷ്ട്ര സഭ ഉൾപ്പടെയുള്ള നിരവധി സ്ഥാപനങ്ങളും ഏജൻസികളും സൃഷ്ടിക്കപ്പെട്ടിട്ടുളതിനാൽ, ജനകീയ ജനാധിപത്യ റിപ്പബ്ലിക്ക് തൊഴിലാളിവർഗ സാർവ്വദേശീയതയുടെ തത്വങ്ങളെ അടിസ്ഥാനമാക്കി, ജനകീയ ജനാധിപത്യ രാജ്യങ്ങളുടേയും സോഷ്യലിസ്റ്റ് രാജ്യങ്ങളുടേയും ജനകീയ ജനാധിപത്യ സാർവ്വദേശീയ ബദൽ കേന്ദ്രങ്ങൾ പുരോഗമനപരമായി കെട്ടിപ്പടുക്കാനുള്ള നീക്കങ്ങൾക്ക് മുൻകയ്യെടുക്കും.

# അധ്യായം 6

# ഉപസംഹാരം :

### ജനകീയ ജനാധിപത്യ വിപ്ലവ കടമകൾ പൂർത്തീകരിക്കുക, സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് മുന്നേറുക!

6.1 നവലിബറൽ സാമ്രാജ്യത്വം അഭിമുഖീകരിക്കുന്ന അതിരൂക്ഷമായ പ്രതിസന്ധിയുടെ മുഴുവൻ ഭാരവും ലോകജനതയുടെ ചുമലിലേക്ക് മാറ്റിക്കൊണ്ടിരിക്കുന്ന ഒരു വേളയിലാണ്, ഇന്ത്യയിൽ ജനകീയ ജനാധിപത്യ വിപ്ലവം പൂർത്തീകരിക്കുന്നതിനും സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് മുന്നേറുന്നതിനുമായി സിപിഐ  റെഡ് സ്റ്റാർ (എംഎൽ) അതിന്റെ പുതുക്കിയ പാർട്ടി പരിപാടി മുന്നോട്ട് വയ്ക്കുന്നത്. ഈ പ്രതിസന്ധിയുടെ ബഹിർസ്ഫുരണമെന്ന നിലയിൽ ഒരു വശത്ത് മൂലധനവും അധ്വാനവും തമ്മിലുള്ള വൈരുദ്ധ്യം കൂടുതൽ തീവ്രമാകുകയും, മറുവശത്ത്, മൂലധനവും പ്രകൃതിയും തമ്മിലുള്ള വൈരുദ്ധ്യം ഒരു പാരിസ്ഥിതിക മഹാദുരന്തത്തിന്റെ വക്കോളമെത്തി നിൽക്കുകയും സാമ്രാജ്യത്വ വ്യവസ്ഥയിൽ അന്തർലീനമായ മറ്റെല്ലാ വൈരുദ്ധ്യങ്ങളും മൂർഛിച്ചുകൊണ്ടിരിക്കുകയുമാണ്. എന്നിരുന്നാലും, ഈ വിധം വസ്തുനിഷ്ഠ സാഹചര്യങ്ങൾ വിപ്ലവത്തിന് ഏറ്റവും അനുകൂലമാണെങ്കിലും, ആത്മനിഷ്ഠ വിപ്ലവ ശക്തികൾ, സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പൊതുവിലും, എല്ലാ രാജ്യങ്ങളിലെയും വിപ്ലവ പാർട്ടികളും ഗുരുതരമായ പ്രത്യയശാസ്ത്ര-രാഷ്ട്രീയ തിരിച്ചടികളും പിന്നോട്ടടികളും നേരിടുകയാണ്.

6.2 ഇന്ത്യയിലും, കൊളോണിയൽ കാലത്തും യുദ്ധാനന്തര നവകൊളോണിയൽ ഘട്ടത്തിലും നിരവധി മഹത്തായ സമരങ്ങൾക്ക് നേതൃത്വം നൽകിയിട്ടും, ഇന്ത്യൻ സാഹചര്യത്തെ സമൂർത്തമായി വിശകലനം ചെയ്യുന്നതിൽ പരാജയപ്പെട്ടതിനാൽ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ശരിയായ ഒരു പരിപാടിയും വിപ്ലവ പാതയും മുന്നോട്ട് വയ്ക്കാൻ കഴിഞ്ഞില്ല. 1964-67 കാലത്തെ ആശയ സമരത്തെ തുടർന്ന് വന്ന നക്സൽബാരി പ്രസ്ഥാനത്തിന് തിരുത്തൽവാദത്തോട് കണക്ക് തീർക്കാനായെങ്കിലും, ഇടത് സാഹസികതയുടെ സ്വാധീനം മൂലം, ഇന്ത്യൻ സാഹചര്യത്തിന്റെ മൂർത്തമായ വിശകലനത്തെ അടിസ്ഥാനമാക്കി പരിപാടിയും വിപ്ലവ പാതയും വികസിപ്പിക്കുന്നതിൽ സിപിഐ (എംഎൽ) പരാജയപ്പെടുകയാണുണ്ടായത്. നവഫാസിസ്റ്റ് കാവി ഭരണകൂടത്തിന്റെ അധികാരാരോഹണമുൾപ്പെടെയുള്ള ദൂരവ്യാപകമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന അതീവ ഗുരുതരമായ ഈ ദശാസന്ധിയിലും, ഇടതുപക്ഷ ശക്തികൾക്കിടയിലെ പ്രത്യയശാസ്ത്ര-രാഷ്ട്രീയ ദൗർബല്യങ്ങളും ആശയക്കുഴപ്പവും ഉചിതമായ വിപ്ലവപാത വികസിപ്പിച്ചെടുക്കുന്നതിലും സംഘടനാപരമായ ഏകീകരണത്തിനും തടസ്സമായി നിൽക്കുന്നു. എന്നിരുന്നാലും, ഇത്തരത്തിൽ സ്ഥിതിഗതികൾ വഷളായിക്കൊണ്ടിരിക്കുമ്പോഴും, ഇന്ത്യൻ സാഹചര്യത്തെ സമൂർത്തമായി മനസ്സിലാക്കുന്നതിനും അതിനനുസരിച്ച് ജനകീയ ജനാധിപത്യ വിപ്ലവം

വികസിപ്പിക്കുന്നതിലേക്കും വിവിധ കമ്മ്യൂണിസ്റ്റ് വിപ്ലവ വിഭാഗങ്ങൾ അടുത്തുകൊണ്ടിരിക്കുന്നുമുണ്ട്.

6.3 ഈ സന്ദർഭത്തിലാണ്, എല്ലാ ധാരകളിലും പെട്ട വർഗ്ഗ, ജാതി, ലിംഗ മേഖലകളിലെ സമരങ്ങളെ സമഗ്രമായി കണ്ണിചേർത്തുകൊണ്ടും എല്ലാ കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളുടേയും ഏകീകരണത്തിനും അഖിലേന്ത്യാ തലത്തിൽ ഒരു ശക്തമായ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടും ഇന്ത്യൻ സാഹചര്യത്തിന്റെ സമൂർത്തമായ വിശകലനത്തെ അടിസ്ഥാനമാക്കി സിപിഐ (എംഎൽ) റെഡ് സ്റ്റാർ അതിന്റെ പുതുക്കിയ പാർട്ടി പരിപാടി മുന്നോട്ട് വെക്കുന്നത്. കമ്മ്യൂണിസത്തിലേക്കുള്ള സോഷ്യലിസ്റ്റ് പരിവർത്തനത്തിന്റെ സാക്ഷാത്കാരത്തിനായി, ജനകീയ ജനാധിപത്യ വിപ്ലവത്തിന്റെ പൂർത്തീകരണത്തിലേക്കും, അതുവഴി സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്കും മുന്നേറുന്നതിന് പുതിയ ഊർജം നൽകിക്കൊണ്ടും, അഖിലേന്ത്യാ തലത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പുനഃസംഘടനയുടെ ചരിത്രപരമായ ദൗത്യം വേഗത്തിലാക്കുന്നതിനും ഇത് സഹായിക്കും.